2026 SEPTEMBER 6

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122

## മലയാളി സമൂഹത്തെ ഞെട്ടിച്ച

# ഇരട്ടക്കൊല കേസ്



# സമൂഹത്തെ ഞെട്ടിച്ച ഇരട്ടക്കൊല




മിൽപിറ്റസ്: കാലിഫോർണിയയിലെ മലയാളി സമൂഹത്തെ നടുക്കിയ ഇരട്ടക്കൊലപാതകക്കേസിൽ അറസ്റ്റിലായ കോട്ടയം, പാലാ മൂന്നിലവ് സ്വദേശിനി അനില ബേബിക്കെതിരെ രണ്ടാമത്തെ കൊലക്കുറ്റവും ചുമത്താൻ പ്രോസിക്യൂഷൻ നടപടികൾ ആരംഭിച്ചു. തൃശൂർ സ്വദേശിനി അഞ്ജന ഹരിയെ കാറിടിപ്പിച്ച് കൊലപ്പെടുത്തിയ കേസിൽ ഇതിനകം കൊലക്കുറ്റം ചുമത്തപ്പെട്ട അനിലയ്ക്കെതിരെ തിരുവനന്തപുരം സ്വദേശിനി ആൻ മേരി മാത്യുവിന്റെ കൊലപാതകത്തിലും കുറ്റം ചുമത്തുമെന്നാണ് ഏറ്റവും പുതിയ ഔദ്യോഗിക വിവരം.

നിലവിൽ സാന്താ ക്ലാര കൗണ്ടി മെയിൻ ജയിലിൽ ജാമ്യമില്ലാതെ കഴിയുകയാണ് 32-കാരിയായ അനില ബേബി. അഞ്ജന ഹരിയുടെ കൊലപാതകവുമായി ബന്ധപ്പെട്ട കേസിലെ തുടർനടപടികൾക്കായി സെപ്റ്റംബർ 10-ന് അനിലയെ വീണ്ടും കോടതിയിൽ ഹാജരാക്കും. നേരത്തെ നിശ്ചയിച്ചിരുന്ന കോടതി നടപടികളാണ് ഈ തീയതിയിലേക്ക് മാറ്റിയത്.

ഓഗസ്റ്റ് 28-ന് മിൽപിറ്റസിലെ ഡിക്സൺ ലാൻഡിങ് റോഡിലുള്ള മിൽ ക്രീക്ക് അപ്പാർട്ട്മെന്റ് സമുച്ചയത്തിന്റെ പാർക്കിങ്

ലോട്ടിലാണ് 35-കാരിയായ അഞ്ജന ഹരി കൊല്ലപ്പെട്ടത്. ആദ്യം ഇത് വാഹനാപകടമോ ഹിറ്റ് ആൻഡ് റൺ സംഭവമോ ആണെന്നാണ് കരുതിയത്. എന്നാൽ ദൃക്സാക്ഷികളുടെ മൊഴി, വാഹനത്തിന്റെ പരിശോധന, മറ്റ് തെളിവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ അന്വേഷണം കൊലപാതകത്തിലേക്ക് മാറുകയായിരുന്നു.

നീല നിറത്തിലുള്ള ടൊയോട്ട ഹൈലാൻഡർ എസ്.യു.വി അഞ്ജനയെ ഇടിച്ചശേഷം നിർത്താതെ പാഞ്ഞുപോയതായാണ് ദൃക്സാക്ഷികൾ പൊലീസിനോട് പറഞ്ഞത്. രക്ഷപ്പെടുന്നതിനിടെ വാഹനം മൂന്ന് പാർക്ക് ചെയ്തിരുന്ന കാറുകളിലും ഇടിച്ചു. ഗുരുതരമായി തലയ്ക്ക് പരുക്കേറ്റ അഞ്ജന സംഭവസ്ഥലത്തു വച്ചു തന്നെ മരിച്ചു.

പൊലീസ് പറയുന്നതനുസരിച്ച്, അഞ്ജന വാഹനത്തിനടുത്തേക്ക് സാധാരണ നിലയിൽ നടന്നെത്തിയതിന് പിന്നാലെയാണ് എസ്.യു.വി പെട്ടെന്ന് മുന്നോട്ടെടുത്തത്. വാഹനത്തിൽ ബ്രേക്ക് പ്രയോഗിച്ചതിന്റെ തെളിവുകളില്ലെന്നതും അന്വേഷണത്തിൽ നിർണായകമായി. സംഭവത്തിനുശേഷം സമീപത്തെ വാൾഗ്രീൻസ് പാർക്കിങ് ലോട്ടിൽ നിന്ന് തകർന്ന നിലയിലുള്ള വാഹനത്തിനുള്ളിൽ അനിലയെ കണ്ടെത്തുകയായിരുന്നു. കൈകാലുകളിൽ മുറിവുകളും രക്തക്കറകളും ഉണ്ടായിരുന്നതായും പൊലീസ് രേഖകളിൽ പറയുന്നു.

**ആൻ മേരിയും അനിലയും തമ്മിൽ ജോലി സംബന്ധമായ തർക്കമുണ്ടായിരുന്നുവെന്ന വിവരം ബന്ധുക്കൾക്ക് ലഭിച്ചിരുന്നതായി ചില റിപ്പോർട്ടുകൾ നേരത്തെ പുറത്തുവന്നിരുന്നു. അനിലയ്ക്ക് അമേരിക്കയിൽ ജോലി നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട മാനസിക സമ്മർദം കൊലപാതകങ്ങൾക്ക് കാരണമായിരിക്കാമെന്ന തരത്തിലുള്ള റിപ്പോർട്ടുകളും വന്നിട്ടുണ്ട്. എന്നാൽ ഇത് പൊലീസ് സ്ഥിരീകരിച്ച ഔദ്യോഗിക കൊലപാതക പ്രേരണയായി കണക്കാക്കാനാകില്ല. അതിനാൽ അന്വേഷണം പൂർത്തിയാകുന്നതുവരെ ഈ വാദം സാധ്യതയായി മാത്രമേ കാണാനാകൂ.**




അഞ്ജനയുടെ കൊലപാതകത്തിൽ അനിലയ്ക്കെതിരെ കാലിഫോർണിയ പീനൽ കോഡ് സെക്ഷൻ 187(എ) പ്രകാരം കൊലക്കുറ്റമാണ് ചുമത്തിയിരിക്കുന്നത്. കുറ്റപത്രത്തിൽ മുൻകൂട്ടിയുള്ള ദുരുദ്ദേശം, വലിയ തോതിലുള്ള അക്രമം, ഗുരുതരമായ ശാരീരിക പരുക്കുകൾ, ക്രൂരത എന്നിവയും പരാമർശിച്ചിട്ടുണ്ട്.

അതേസമയം, സാൻഹൊസയിൽ ആൻ മേരി മാത്യു കൊല്ലപ്പെട്ട സംഭവത്തിലും അനിലയ്ക്കെതിരെ കൊലക്കുറ്റം ചുമത്താനുള്ള നടപടികളാണ് ഇപ്പോൾ നടക്കുന്നത്. ഓഗസ്റ്റ് 28-ന് തന്നെയാണ് 40-കാരിയായ ആൻ മേരി മാത്യുവിനെ സ്വന്തം അപ്പാർട്ട്മെന്റിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. കുത്തേറ്റാണ് മരണമെന്നാണ് പൊലീസ് നേരത്തെ സ്ഥിരീകരിച്ചത്. എന്നാൽ

അഞ്ജനയുടെ കേസിൽ കുറ്റം ചുമത്തിയ സമയത്ത് ആൻ മേരിയുടെ കേസിൽ അനിലയ്ക്കെതിരെ പ്രത്യേക കൊലക്കുറ്റം ചുമത്തിയിരുന്നില്ല. ഇപ്പോൾ അതിലും കുറ്റം ചുമത്തുമെന്നാണ് പുതിയ വിവരം.

ഇതോടെ ഒരേ ദിവസം നടന്നതായി അന്വേഷണത്തിൽ കരുതുന്ന രണ്ട് മരണങ്ങളിലും അനില പ്രതിസ്ഥാനത്തേക്ക് കൂടുതൽ ശക്തമായി എത്തുകയാണ്. എന്നാൽ ആൻ മേരിയെ കൊലപ്പെടുത്താനുള്ള കൃത്യമായ കാരണം എന്താണെന്നത് ഇപ്പോഴും അന്വേഷണത്തിൽ വ്യക്തമായിട്ടില്ല. പൊലീസ് ഔദ്യോഗികമായി കൊലപാതകത്തിന്റെ പ്രേരണ പുറത്തുവിട്ടിട്ടില്ല.

ആൻ മേരിയും അനിലയും തമ്മിൽ ജോലി സംബന്ധമായ തർക്കമുണ്ടായിരുന്നുവെന്ന വിവരം ബന്ധുക്കൾക്ക് ലഭിച്ചിരുന്നതായി ചില റിപ്പോർട്ടുകൾ നേരത്തെ പുറത്തുവന്നിരുന്നു. അനിലയ്ക്ക് അമേരിക്കയിൽ ജോലി നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട മാനസിക സമ്മർദം കൊലപാതകങ്ങൾക്ക് കാരണമായിരിക്കാമെന്ന തരത്തിലുള്ള റിപ്പോർട്ടുകളും വന്നിട്ടുണ്ട്. എന്നാൽ ഇത് പൊലീസ് സ്ഥിരീകരിച്ച ഔദ്യോഗിക കൊലപാതക പ്രേരണയായി കണക്കാക്കാനാകില്ല. അതിനാൽ അന്വേഷണം പൂർത്തിയാകുന്നതുവരെ ഈ വാദം സാധ്യതയായി മാത്രമേ കാണാനാകൂ.

കേസിനെ കൂടുതൽ ദുരൂഹമാക്കുന്നത് കൊല്ലപ്പെട്ട അഞ്ജനയും ആൻ മേരിയും അനിലയും തമ്മിൽ അടുത്ത സൗഹൃദത്തിലായിരുന്നുവെന്നതാണ്. സംഭവത്തിന് തൊട്ടുമുമ്പ് മൂവരും ഒരുമിച്ച് ഓണാഘോഷത്തിൽ പങ്കെടുത്തിരുന്നതായും ചിത്രങ്ങൾ എടുത്തിരുന്നതായും റിപ്പോർട്ടുകളുണ്ട്. അതിന് പിന്നാലെ മണിക്കൂറുകൾക്കുള്ളിൽ രണ്ടുപേർ കൊല്ലപ്പെടുകയും മൂന്നാമത്തെയാൾ അറസ്റ്റിലാകുകയുംചെയ്തതാണ് സംഭവത്തിന്റെ ദുരൂഹത വർധിപ്പിക്കുന്നത്.




ആൻ മേരി മാത്യുവിന്റെയും അഞ്ജന ഹരിയുടെയും മൃതദേഹങ്ങൾ നാട്ടിലെത്തിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുകയാണ്. വിരലടയാള പരിശോധനകൾ പൂർത്തിയാക്കിയ ശേഷം മൃതദേഹങ്ങൾ ഫ്യൂണറൽ ഹോമിലേക്ക് മാറ്റിയതായി റിപ്പോർട്ടുണ്ട്. മരണ സർട്ടിഫിക്കറ്റ്, എംബാമിങ് സർട്ടിഫിക്കറ്റ്, നോൺ-കമ്മ്യൂണിക്കബിൾ ഡിസീസ് സർട്ടിഫിക്കറ്റ്, പൊലീസ് സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകൾ ഇതിനായി ആവശ്യമാണ്. ആൻ മേരി മാത്യുവിന്റെ മൃതദേഹം സെപ്റ്റംബർ 6-ന് സാൻ ഫ്രാൻസിസ്കോയിലെ സെന്റ് മേരീസ് യാക്കോബായ സുറിയാനി ഓർത്തഡോക്സ് പള്ളിയിൽ പൊതുദർശനത്തിന് വച്ചതായും ഏറ്റവും പുതിയ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

ഇതിനിടെ ആൻ മേരിയുടെയും അഞ്ജനയുടെയും കുടുംബങ്ങളെ സഹായിക്കുന്നതിനായി സുഹൃത്തുക്കൾ ആരംഭിച്ച Go Fund Me ധനസമാഹരണത്തിനും മലയാളി സമൂഹത്തിൽ നിന്ന് പിന്തുണ വർധിക്കുകയാണ്. മൃതദേഹങ്ങൾ നാട്ടിലെത്തിക്കൽ, സംസ്കാരച്ചെലവുകൾ, കുടുംബങ്ങൾക്ക് അടിയന്തര സാമ്പത്തിക സഹായം എന്നിവയ്ക്കായി സമൂഹത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് സഹായം ലഭിക്കുന്നുണ്ട്.

അഞ്ജനയുടെ കൊലപാതകക്കേസിൽ നിലവിൽ ചുമത്തിയിരിക്കുന്ന കുറ്റത്തിന് പുറമെ ആൻ മേരി മാത്യുവിന്റെ കൊലപാതകത്തിലും അനിലയ്ക്കെതിരെ കുറ്റം ചുമത്തുന്നതോടെ കേസ് കൂടുതൽ ഗൗരവമേറിയ ഘട്ടത്തിലേക്ക് കടക്കുകയാണ്. സെപ്റ്റംബർ 10-ന് നടക്കുന്ന കോടതി നടപടിയിൽ രണ്ടാമത്തെ കൊലക്കുറ്റവുമായി ബന്ധപ്പെട്ട പ്രോസിക്യൂഷന്റെ നീക്കം, കേസിലെ തുടർ അന്വേഷണത്തിന്റെ ദിശ, അനിലയ്ക്കെതിരായ തെളിവുകളുടെ സ്വഭാവം എന്നിവയിൽ കൂടുതൽ വ്യക്തത ലഭിക്കുമെന്നാണ് പ്രതീക്ഷ. കേസിലെ ആരോപണങ്ങൾ കോടതിയിൽ തെളിയിക്കപ്പെടേണ്ടവയാണ്.


MALABAR
GOLD & DIAMONDS
NOW OPEN
IN
SANTA
CLARA
Town Centre
2046 El Camino Real,
Santa Clara, CA, 95050

# കണ്ണ് നിറഞ്ഞ്, മനം നിറഞ്ഞ് ന്യൂ ജെഴ്സി

# മാജിക്കും സംഗീതവും മനുഷ്യസ്നേഹവും ചേർന്ന MCUBE അവിസ്മരണീയ സായാഹനമായി



ഡോ. ബേബി സാം സാമുവൽ

ചില കലാ സന്ധ്യകൾ കാണാം. ചിലത് ആസ്വദിക്കാം. പക്ഷേ, ചിലത് മനസ്സ് കൊണ്ട് അനുഭവിക്കേണ്ടവ യാണ്.

236 Old Tappan Road ൽ അരങ്ങേറിയ MCUBE - Magic, Melody, Message അത്തരമൊരു സായാഹനമായിരുന്നു. നിറഞ്ഞ സദസ്സിനെ സാക്ഷിയാക്കി അരങ്ങേറിയ പരിപാടി, മാജിക്കിന്റെയും സംഗീതത്തിന്റെയും കലാവിരുന്നിനപ്പുറം മനുഷ്യസ്നേഹത്തിന്റെയും സാമൂഹിക ഉത്തരവാദിത്വത്തിന്റെയും ഹൃദയസ്പർശിയായ അനുഭവമായി മാറി. ന്യൂയോർക്കിന്റെയും ന്യൂജഴ്സിയുടെയും വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ മലയാളികൾ സാക്ഷ്യം വഹിച്ച ആ സായാഹനത്തിൽ വിസ്മയവും കൈയടികളും മാത്രമല്ല ഉണ്ടായിരുന്നത്. ചില നിമിഷങ്ങളിൽ സദസ് നിശ്ശബ്ദമായി; ചില വാക്കുകൾ, കാഴ്ചകൾ, കണ്ണുകളെ ഈറനണിയിച്ചു; ചില തീരുമാനങ്ങൾ ഹൃദയങ്ങളിൽ പുതിയ പ്രതിജ്ഞകളായി മാറി.

Y's Men Service Club of New York ഉം Kerala Times Entertainments ഉം സംയുക്തമായി നേതൃത്വം നൽകിയ പരിപാടിയ്ക്ക്, മുഖ്യ കോർഡിനേറ്ററും Different Arts Centre ന്റെ അഡ്വൈസറി ബോർഡ് മെമ്പറും ആയ ശ്രീ

പോൾ കറുകപ്പള്ളിൽ, അധ്യക്ഷത വഹിച്ചു. റെവ. പോൾ രാജന്റെ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ ശ്രീ നോവ ജോർജ്ജ് സ്വാഗതവും, Different Arts Centre അഡ്വൈസറി ബോർഡ് മെമ്പർ ആയ ഡോ. ബേബി സാം സാമൂവൽ ആശംസകളും അർപ്പിച്ചു. ശ്രീ അലക്സ് തോമസ് ആണ് പരിപാടിയുടെ നിയന്ത്രണം നിർവഹിച്ചത്.

MCUBEയുടെ ന്റെ മൂന്ന് ഘടകങ്ങൾ – Magic, Melody, Message - വെവ്വേറെ നിൽക്കുന്ന അനുഭവങ്ങളായിരുന്നില്ല പരസ്പരം ലയിച്ചുചേർന്നവയായിരുന്നു. മാജിക് വിസ്മയിപ്പിച്ചു. സംഗീതം ഹൃദയത്തെ തൊട്ടു. സന്ദേശങ്ങൾ മനസ്സാക്ഷിയെ ഉണർത്തി.

ഭിന്നശേഷിക്കാരായ മനുഷ്യരുടെ കഴിവുകളെയും അവകാശങ്ങളെയും സ്വപ്നങ്ങളെയും സമൂഹത്തിന്റെ മുഖ്യ ധാരയിലേയ്ക്ക് കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ, കാസർഗോഡിൽ ഒരുങ്ങുന്ന International Institute for People with Disabilities (IIPD) എന്ന മഹത്തായ പദ്ധതിക്ക് പിന്തുണ നൽകുക എന്നതായിരുന്നു പരിപാടിയുടെ പ്രധാന ലക്ഷ്യം. മാജിക്കിന്റെ ലോകത്ത് പ്രശസ്തിയുടെ ഉന്നതിയിൽ നിൽക്കുമ്പോൾ തന്റെ നേട്ടങ്ങളെല്ലാം ഉപേക്ഷിച്ച് ഭിന്നശേഷിക്കാരായ കുട്ടികൾക്കായി സമർപ്പിക്കപ്പെട്ട ശ്രീ. ഗോപിനാഥ് മുതുകാടിന്റെ ജീവിതം , ആത്മസമർപ്പണത്തിന്റെ മാതൃകയായി. Different Art Centre (DAC) വഴി ഭിന്നശേഷിക്കാരായ കുട്ടികളുടെ കലാ-കായിക-തൊഴിൽ കഴിവുകൾ കണ്ടെത്തി വളർത്തിയെ



ടുത്ത അനുഭവമാണ് IIPD എന്ന വലിയ സ്വപ്നത്തിന് പ്രചോദനം.

ഒരു കൊച്ചു പെൺകുട്ടിയുടെ വാക്കുകൾ പരിപാടിയുടെ വികാരനിർഭരമായ നിമിഷങ്ങളിൽ ഒന്നായിരുന്നു, സാറാ തോമസ് എന്ന കൊച്ചു പെൺകുട്ടി വേദിയിലെത്തി നടത്തിയ പ്രഖ്യാപനം: ഈ പ്രോഗ്രാമിൽ പങ്കെടുക്കാൻ കഴിഞ്ഞത് ഭാഗ്യമായി കരുതുന്നു എന്നും, തനിക്ക് ലഭിച്ച സമ്പാദ്യമൊക്കെ ഇത്തരത്തിലുള്ള കുട്ടികൾക്കായി മാറ്റി വയ്ക്കും എന്നുമുള്ള സാറയുടെ വാക്കുകളെ സദസ് നിറഞ്ഞ കൈയടിയോടെയാണ് സ്വീകരിച്ചത്. ആ കൊച്ചു പെൺകുട്ടിയോടൊപ്പം മറ്റനേകരും തങ്ങളാൽ കഴിയുന്ന വിധത്തിൽ ഈ ദൗത്യത്തിനൊപ്പം നിൽക്കാനുള്ള തങ്ങളുടെ ഉറച്ച സന്നദ്ധത പ്രഖ്യാപിച്ചു.

IIPDയുടെ നിർമാണത്തിനായി ഭൂമി സംഭാവന ചെയ്ത അന്തരിച്ച എം. കെ. ലൂക്കാ സാറിനെയും ചടങ്ങിൽ ആദരവോടെ അനുസ്മരിച്ചു. ഓണത്തിന്റെ ആഘോഷവേളയിൽ നടന്ന MCUBE, ആഘോഷങ്ങളുടെ സന്തോഷത്തിനൊപ്പം സമൂഹത്തിന്റെ വിളുമ്പിൽ നിൽക്കുന്ന മനുഷ്യരെയും ചേർത്തുപിടിക്കണമെന്ന് ഓർമിപ്പിക്കുന്നതായിരുന്നു.

MCUBE ഒരു കലാ പരിപാടി മാത്രമായിരുന്നില്ല ഒരിക്കലും മായാത്ത അനുഭവമായിരുന്നു കണ്ണ് നിറഞ്ഞ്. മനം നിറഞ്ഞ് മാത്രം ഓരോ വ്യക്തിയും മടങ്ങിപ്പോയ മനോഹരമായൊരു സന്ധ്യ.

















# Save $894.* Combine Home & Auto.

**Michael Tharian, Agent**

1855 Victory Blvd
Staten Island, NY 10314

**Toll Free:**
**888-644-7222**

My State Farm agency's products and services are available. Call me for Auto, Home & Life Insurance quotes.

**We Serve These States**
**NY, NJ, PA, & CT.**

StateFarm®

***Average household savings based on 2016 national survey of new policyholders who reported savings by switching to State Farm®.**

State Farm Mutual Automobile Insurance Company
State Farm Indemnity Company
State Farm Fire and Casualty Company
State Farm General Insurance Company
Bloomington, IL

1601489

പുസ്തക പരിചയം - 34

# 100 പോസിറ്റീവ് ടാബ്ലറ്റ്സ്
## (കുറിപ്പുകൾ) സോയ നായർ




പുസ്തക പരിചയം തയ്യാറാക്കിയത് -
ബാജി ഓടംവേലി, ഡാലസ്

പ്രപഞ്ചം ഓരോ വീടിന്റെയും നാലു ചുവരുകൾക്കുള്ളിലെ ഭീതികളിൽ കുടുങ്ങിക്കിടന്ന കോവിഡ് മഹാമാരിയുടെ നാളുകളിൽ, തുടർന്ന് ജീവിച്ചിരിക്കുന്നെങ്കിൽ വരുന്ന നൂറു ദിവസങ്ങൾ തുടർച്ചയായി ചെറിയ കുറിപ്പുകൾ എഴുതുകയെന്ന വെല്ലുവിളി സോയ നായർ എന്ന എഴുത്തുകാരി സ്വയം ഏറ്റെടുത്തതിന്റെ ബാക്കിപത്രമാണ് ഈ പുസ്തകം.

അന്നത്തെയത്രയും സങ്കടകരമായ ജീവിതത്തിൽ അനുവദിച്ചു കിട്ടിയ ഓരോ ദിനങ്ങളിലും പോസിറ്റീവ് ഊർജ്ജം നിറയ്ക്കാനായി എഴുതിയതാണ് ഈ കുറിമാനങ്ങൾ. എത്ര ചെറുതാണീ നിസ്സാരജീവിതം. ഈ ജീവിതത്തെ, അതിനുള്ളിലെ സന്തോഷത്തെ വലുതാക്കാൻ ഈ കടുകുമണികളുടെ വായന സഹായിക്കും.

മനസ്സിൽ വന്നടിഞ്ഞ നെഗറ്റീവ് എനർജിയെ ഒഴിവാക്കാനായി ഉപയോഗിച്ച ഫലപ്രദങ്ങളായ പോസിറ്റീവ് ചിന്തകളാണ് ഈ



താളുകളിലുള്ളത്. പോസിറ്റീവ് ഊർജ്ജം നമ്മളിൽ നിറയുമ്പോൾ സ്വാഭാവികമായും ചുറ്റുമുള്ള നെഗറ്റീവ് ഒക്കെ മറക്കാൻ, നമ്മളെത്തന്നെ ശക്തരാക്കാൻ നമുക്കാകുമല്ലോ എന്ന ചിന്തയായിരുന്നു പ്രചോദനം.

കൊറോണ എന്ന കുഞ്ഞു വൈറസ് ലോകത്തെ ഒന്നാകെ ഭയപ്പെടുത്തിയ കാലം. ആ ഭീതിയിൽ ജീവിച്ചിരുന്ന ഓരോ ദിനങ്ങളും മാസങ്ങളും വർഷങ്ങളും ഇന്ന് ആർക്കും ഓർക്കാൻ പോലും ഇഷ്ടമുണ്ടാവില്ല. നഷ്ടപ്പെടലിന്റെയും ഒറ്റപ്പെടലിന്റെയും ഒക്കെ ഭാവതലങ്ങളിലൂടെ സഞ്ചരിക്കുകയായിരുന്നു ലോകം മുഴുവനും. അടുത്തുള്ള ഉറ്റവരെ കാണാനാവാതെ, മരണത്തെ പുൽകിയ ഉറ്റവർക്ക് യാത്രാമൊഴി ചൊല്ലാനാവാതെ, അവസാനമായി ഒന്നു കാണാൻ പോലുമാവാതെ പല കോണുകളിൽ ഇരുന്ന് വിഷമിക്കുന്നവരെ ഓർത്തപ്പോഴാണ് ജീവിതം ഇത്രയല്ലേ ഉള്ളൂ എല്ലാവർക്കുമെന്ന് തോന്നിയത്.

എഴുത്തുകാരി അറിയപ്പെടുന്നൊരു കവിയാണ്. കവിതകളിൽ പ്രണയം പൂത്തുലഞ്ഞു നിൽക്കുന്നതു പോലെതന്നെ ഈ കുറിപ്പുകളും പ്രണായാർദ്രമാണ്. സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും ഒരാളുണ്ടാവുകയെന്നത് വലിയൊരു ഭാഗ്യമാണ്. പക്ഷേ ആ സ്നേഹം തിരിച്ചറിയപ്പെടാതെ പോകുന്നത് എത്ര സങ്കടകരമാണെന്ന് ഓർമ്മിപ്പിക്കുന്നു. മനസ്സു തുറന്ന് സ്നേഹിക്കുവാനായി, അറിഞ്ഞ് സ്നേഹം പ്രകടിപ്പിക്കുവാനായി ഈ വരികൾ ആഹ്വാനം ചെയ്യുന്നു.

മരണം അടുത്തെത്തുമ്പോഴാണ് നമുക്കെല്ലാവർക്കും ജീവിക്കാൻ കൊതി തോന്നുക. അന്നുവരെ അടക്കി വച്ചിരുന്ന ആഗ്രഹങ്ങളൊക്കെ വേഗത്തിൽ സാധിക്കണമെന്ന് തോന്നും.



എന്തിനാണ് നാം ആ അവസാന നിമിഷം വരെ അതിനായ് കാത്തിരിക്കുന്നത്. ഇന്നു ചെയ്യാവുന്നതൊക്കെ ഇന്നു തന്നെ ചെയ്തുതീർക്കുക. നാളെ എന്നൊരു ദിനം നാം ഉണ്ടാകും എന്നുള്ള കാര്യത്തിന് വല്ല ഉറപ്പും ഉണ്ടോ? എന്ന് ചോദിച്ച് ഇന്നിൽ ഊർജ്ജസ്വലതയോടുകൂടി ജീവിക്കുവാൻ എഴുത്തുകാരി ഈ വരികളിലൂടെ നമ്മെ പ്രചോദിപ്പിക്കുന്നു.

പ്രത്യാശയാണു നിരാശയെ ഇല്ലാതാക്കാനുള്ള എളുപ്പവഴി. നിരാശ നമ്മളെ കൊല്ലും, ഇഞ്ചിഞ്ചായ് അതിങ്ങനെ നമ്മെ വേദനിപ്പിച്ചു കൊണ്ടിരിക്കും. ഒരിക്കലും അതിന് അവസരം കൊടുക്കരുത്. നിരാശ നമ്മളെ കൊല്ലുന്നതിനു മുന്നേ പ്രത്യാശയുടെ കൈപിടിക്കാനായുള്ള വഴികൾ സ്നേഹപൂർവ്വം എഴുത്തുകാരി കാട്ടിത്തരുന്നു.

ജീവിതം പരീക്ഷണങ്ങൾ നിറഞ്ഞതാണ്. ആ പരീക്ഷണങ്ങളെ മറികടക്കുവാൻ നല്ലതുപോലെ പരിശ്രമിക്കണം. ഒന്നും ചെയ്യാൻ കഴിയില്ലെന്ന മനോഭാവം കൊണ്ടിരുന്നാൽ ഒന്നിനെയും തരണം ചെയ്യാൻ കഴിയില്ല. ഒരു തുരങ്കത്തിനപ്പുറം വെളിച്ചമുണ്ട്. ആ വിശ്വാസം മാത്രം മതി വിജയത്തിലെത്തുവാൻ എന്നു പറഞ്ഞ് വായനക്കാർക്ക് വഴികാട്ടുന്നു.

ഓരോ കുറിപ്പും വായിച്ചു കഴിയുമ്പോൾ അടുത്തത് വായിക്കാൻ ധൃതിയാവും. മഴുവൻ ഒറ്റയിരുപ്പിനുവായിച്ചു തീർക്കാൻ തോന്നും. നമ്മുടെ കൈയ്യെത്തും ദൂരത്ത് ഈ പുസ്തകത്തിന്റെ ഒരു കോപ്പി വെച്ച് ചിലപ്പോളൊക്കെ എടുത്ത് മറിച്ചു നോക്കുന്നത് നല്ലതാണ്. ചിലപ്പോളല്ല. കൃത്യമായി എല്ലാ ദിവസവും രാവിലെയും വൈകിട്ടും എടുത്ത് വായിച്ചാൽ ഗുണമല്ലാതെ മറിച്ചൊന്നും പ്രതീക്ഷിക്കേണ്ട.

‘മരണം അത്രമേൽ സമീപസ്ഥമായിരുന്ന ആ കോവിഡ് മഹാമാരിയുടെ നാളുകളിൽ പ്രകാശം പരത്തുന്ന ചിന്തകളുമായി ഒരാൾ ഉറങ്ങാതിരിക്കുന്നുണ്ടായിരുന്നു എന്ന അറിവ് ലോകത്തോട് കൂടുതൽ സ്നേഹത്തോടെ പെരുമാറാൻ കെൽപ്പുള്ളവരാക്കി മനുഷ്യരെ പുതുക്കിപ്പണിയുന്നു. അങ്ങനെ ഈ പുസ്തകം ഒരു മൃത്യുഞ്ജയ മന്ത്രമായി മാറുന്നു’ എന്ന് അവതാരികയിൽ ഇ. സന്തോഷ് കുമാർ പറഞ്ഞിരിക്കുന്നു.

‘മനുഷ്യൻ പല തരത്തിലുള്ള പരിമിധികൾ അനുഭവിക്കുന്നവരാണ്. ആ പരിമിതികളെ അതി

ജീവിക്കാനുള്ള വഴികളും മനുഷ്യരിൽ തന്നെ മറഞ്ഞിരിക്കുന്നുണ്ട്. അതിലേക്ക് നാമൊന്ന് ഉണർന്നെഴുന്നേൽക്കണമെന്നു മാത്രം.' ആ വെളിച്ചത്തിലേക്ക് ഉണരാനുള്ള വഴിവിളക്കായി ഈ പുസ്തകത്തെ എഴുത്തുകാരൻ ഷൗക്കത്ത് അവതാരികയിൽ വിശേഷിപ്പിച്ചിരിക്കുന്നു.

സോയ നായർ ഈ പുസ്തകം എഴുതാനുണ്ടായ സാഹചര്യം ആമുഖക്കുറിപ്പിൽ വിശദീകരിച്ചിട്ടുണ്ട്. എഴുത്തുകാരായ ഇ. സന്തോഷ് കുമാറും ഷൗക്കത്തും അവതാരിക എഴുതിയിട്ടുണ്ട്. കണ്ണൂർ ജില്ലയിലുള്ള ഇതൾ ബുക്സാണ് ഈ പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്നത്. 120 പേജുകളുള്ള 100 കുറിപ്പുകളുടെ ഈ സമാഹാരത്തിന്റെ വില 120 രൂപയാണ്.




## സോയ നായർ



ആലപ്പുഴ ജില്ലയിലെ നൂറനാട് പടനിലം സ്വദേശിനി. വേണാട്ട് ശിവൻകുട്ടിയും പ്രസന്നയുമാണ് മാതാപിതാക്കൾ. എരുമക്കുഴി എൽ. പി. സ്കൂൾ, പടനിലം ഹൈസ്കൂൾ, കൃഷ്ണപുരം ടെക്നിക്കൽ ഹൈസ്കൂൾ, പുന്നപ്ര കാർമ്മൽ പോളിടെക്നിക്, അവിനാശി മഹാരാജ എഞ്ചിനീയറിംഗ് കോളേജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. ഇപ്പോൾ ഇലക്ട്രോണിക്സ് കമ്പനിയിൽ ക്വാളിറ്റി എഞ്ചിനീയർ ആയി ജോലി ചെയ്യുന്നു.

ഇണനാഗങ്ങൾ (2013), യാർഡ് സെയിൽ (2017), കാമുകനെ ആവശ്യമുണ്ട് (2022), എന്നീ കവിതാസമാഹാരങ്ങളും പ്രണയവീഞ്ഞ് (2022), 100 പോസിറ്റീവ് ടാബ്ലറ്റുകൾ (2025) എന്നീ കുറിപ്പുകളും, ആ ഒരാൾക്കായ് (2026) എന്ന പ്രണയലേഖനങ്ങളും പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ആനുകാലികങ്ങളിൽ കവിതയും ലേഖനങ്ങളും തുടർച്ചയായി എഴുതാറുണ്ട്. നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. അമേരിക്കയിലെ സാഹിത്യ സാംസ്കാരിക സംഘടനകളിലും സോഷ്യൽ മീഡിയയിലും വളരെ സജീവമാണ്. ഇപ്പോൾ അമേരിക്കയിലെ, ഫിലഡൽഫിയയിൽ കുടുംബ സമേതം താമസിക്കുന്നു.

ഭർത്താവ് :- ബിനു നായർ, മക്കൾ :- അഭിനു, പ്രണയ.

LAWSON
travel

Enjoy Your
Vacations
With Us



214-631-2458

www.LawsonTravel.com

# സൗത്ത് ഹ്യൂസ്റ്റണിൽ മാഷിന്റെ ഓണം 2026

## പാരമ്പര്യവും കൂട്ടായ്മയും രുചിയും പുതുതലമുറയുടെ നേതൃത്വവും നിറഞ്ഞ ആഘോഷം



പിയർലാൻഡ്: മലയാളി അസോസിയേഷൻ ഓഫ് സൗത്ത് ഹ്യൂസ്റ്റൺ (MASH) സംഘടിപ്പിച്ച ഓണം 2026 ഓഗസ്റ്റ് 16-ന് പിയർലാൻഡിലെ Knights of Columbus Hall-ൽ കുടുംബാംഗങ്ങളുടെയും സുഹൃത്തുക്കളുടെയും വിശിഷ്ടാതിഥികളുടെയും സാന്നിധ്യത്തിൽ ആഘോഷപൂർവം നടന്നു.

മലയാളിയുടെ തറവാട്ടുമുറ്റത്തെ ഓണത്തിന്റെ ഗൃഹാതുരതയും അമേരിക്കൻ മണ്ണിലെ മലയാളി സമൂഹത്തിന്റെ സൗഹൃദവും കൂട്ടായ്മയും ഒരുമിച്ചുചേർന്ന ദിനമായിരുന്നു MASHന്റെ ഓണം 2026.




### മാസങ്ങൾ നീണ്ട കൂട്ടായ തയ്യാറെടുപ്പ്

ഓണാഘോഷത്തിന്റെ വിജയത്തിന് പിന്നിൽ മാസങ്ങൾ നീണ്ട ആസൂത്രണവും കൂട്ടായ പ്രവർത്തനവുമുണ്ടായിരുന്നു. ഒഅടഒ പ്രസിഡന്റ് ജേക്കബ് തെക്കേക്കുറ്റ് നേതൃത്വത്തിൽ, വൈസ് പ്രസിഡന്റ് അനിൽ ജനാർദ്ദനൻ, സെക്രട്ടറി സോണി ഫിലിപ്പ്, ജോയിന്റ് സെക്രട്ടറി അഭിലാഷ് ഫ്രാൻസിസ്, ട്രഷറർ ജോർജ് വർഗീസ്, ജോയിന്റ് ട്രഷറർ അഭിലാഷ് കുഞ്ഞുമോൻ എന്നിവരടങ്ങുന്ന Core Committee-യും Executive Committee അംഗങ്ങളായ ജോഷി വർഗീസ്, സനിത് നായർ, ബിജു മുറക്കാട്ട്, സിജു ജോസഫ് എന്നിവരും വിവിധ മേഖലകളിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

മേയ് 2-ന് ചേർന്ന യോഗത്തിൽ തന്നെ ഓണാഘോഷത്തിന്റെ വിവിധ മേഖലകൾക്കായി ചുമതലകൾ നിശ്ചയിച്ചിരുന്നു. ഭക്ഷണം, ധനശേഖരണം, സാംസ്കാരിക പരിപാടികൾ, അലങ്കാരം, സൗണ്ട് ആൻഡ് ലൈറ്റ്, ഗെയിംസ്, ഹാൾ ക്രമീകരണം, മീഡിയ, വളണ്ടിയർ ഏകോപനം തുടങ്ങി ഓരോ വിഭാഗവും വ്യക്തമായ ഉത്തരവാദിത്തങ്ങളോടെ മുന്നോട്ടു പോയി.

ഈ കൂട്ടായ പ്രവർത്തനമാണ് ഓണാഘോഷത്തിന്റെ ഓരോ ഘട്ടത്തിലും പ്രകടമായത്. ഭാരവാഹികൾക്കൊപ്പം നിരവധി അംഗങ്ങളും വളണ്ടിയർമാരും കുടുംബങ്ങളും കൈകോർത്തതോടെ ഒരു സംഘടനയുടെ പരിപാടി എന്നതിലുപരി MASH കുടുംബത്തിന്റെ ആഘോഷമായി ഓണം മാറി.

### പാരമ്പര്യ രുചിയിൽ ഒരുക്കിയ ഓണസദ്യ

ഓണാഘോഷത്തിന്റെ ഏറ്റവും ശ്രദ്ധേയമായ അനുഭവങ്ങളിലൊന്നായിരുന്നു പരമ്പരാഗത കേരളീയ രീതിയിൽ ഒരുക്കിയ സമൃദ്ധമായ ഓണസദ്യ.

ഭക്ഷണവിഭാഗത്തിന് നേതൃത്വം നൽകിയ രാജേഷ് ദിവ്യ ദമ്പതികൾ, പാരമ്പര്യ കേരളീയ ഭക്ഷണസംസ്കാരത്തിന്റെ തനിമ നിലനിർത്തിക്കൊണ്ട് സദ്യ ഒരുക്കുന്നതിൽ പ്രത്യേക ശ്രദ്ധ ചെലുത്തി. ആസൂത്രണം മുതൽ വിഭവങ്ങളുടെ തയ്യാറെടുപ്പും വിതരണവും വരെ അവർ ആത്മാർത്ഥമായി നേതൃത്വം നൽകി. ഭക്ഷണവിഭാഗത്തിലെ മറ്റ് അംഗങ്ങളുടെയും വളണ്ടിയർമാരുടെയും സഹകരണവും




സദ്യയുടെ വിജയത്തിന് നിർണായകമായി.

വിവിധ വിഭവങ്ങളാൽ സമൃദ്ധമായ സദ്യയുടെ രുചിയും ഗുണമേന്മയും പങ്കെടുത്തവരിൽ നിന്ന് ഏറെ പ്രശംസ നേടി. പ്രത്യേക ശ്രദ്ധ നേടിയ മറ്റൊരു വിഭവമായിരുന്നു ''അമ്പി സ്വാമിയുടെ പായസം.'' പാരമ്പര്യ രുചിയും സ്നേഹപൂർവമായ തയ്യാറെടുപ്പും ചേർന്നപ്പോൾ, അത് നാട്ടിലെ ഓണസദ്യയുടെ ഓർമ്മകളിലേക്ക് കൊണ്ടുപോകുന്ന ഒരു രുചിയനുഭവമായി മാറി.

## മാവേലിയുടെ വരവോടെ ആഘോഷത്തിന് തുടക്കം

മാവേലിയുടെ അകമ്പടിയോടെ നടന്ന ഘോഷയാത്രയോടെയാണ് പരിപാടികൾക്ക് തുടക്കമായത്. തുടർന്ന് നിലവിളക്ക് തെളിയിക്കുകയും മാവേലി ഓണസന്ദേശം നൽകുകയും ചെയ്തു.

പ്രസിഡന്റിന്റെ സ്വാഗത പ്രസംഗത്തോടെ ആരംഭിച്ച ചടങ്ങിൽ സെക്രട്ടറി നന്ദി രേഖപ്പെടുത്തി. തുടർന്ന് സാമൂഹിക-സാംസ്കാരിക രംഗത്തെ പ്രമുഖരായ ഡായി അച്ചൻ, അനിൽ ആറന്മുള തുടങ്ങിയ വിശിഷ്ടാതിഥികൾ ചടങ്ങിൽ ഓണസന്ദേശം പങ്കുവെച്ചു.

## കലയുടെ നിറവിൽ ഓണവേദി

തുടർന്ന് തിരുവാതിര, കുട്ടികളുടെയും യുവജനങ്ങളുടെയും നൃത്തങ്ങൾ, ഓണപ്പാട്ടുകൾ, ഗാനാലാപനം, ലേഡീസ് ഡാൻസ്, സ്കിറ്റ് തുടങ്ങി വൈവിധ്യമാർന്ന കലാപരിപാടികൾ അരങ്ങേറി.

MASHന്റെ സാംസ്കാരിക പരിപാടികളുടെ ഏകോപനത്തിൽ വൈസ് പ്രസിഡന്റ് അനിൽ ജനാർദ്ദനന്റെ സജീവ പങ്കാളിത്തം ശ്രദ്ധേയമായിരുന്നു. Dr. Sreedevi Sureshന്റെ നേതൃത്വത്തിലുള്ള തിരുവാതിരയും Dynamo Dancers, Rhythm Beats, Dancing Stars തുടങ്ങിയ സംഘങ്ങളുടെ നൃത്താവിഷ്കാരങ്ങളും സദസ്സിന്റെ പ്രത്യേക ശ്രദ്ധ നേടി.

ജോഷിഷീജ, സീറ, വേണുനാഥ് മനോജ്, ദിയ ജേക്കബ്, സാജു സിറിയക് എന്നിവരുടെ ഗാനാലാപനങ്ങളും ശ്രദ്ധേയമായി. ജോമോനും സംഘവും അവതരിപ്പിച്ച സ്കിറ്റും ആഘോഷത്തിന് വേറിട്ട കലാസ്പർശം നൽകി.

## പുതുതലമുറയുടെ കൈകളിലേക്ക് MASHന്റെ വേദി

ഈ വർഷത്തെ ഓണാഘോഷത്തിലെ ഏറ്റവും മനോഹരമായ പുതുമകളിലൊന്നായിരുന്നു പുതുതലമുറയിലെ മൂന്ന് പെൺകുട്ടികൾ അവതരണരംഗത്തേക്ക് മുന്നോട്ടുവന്നത്.

പരിചയസമ്പന്നനായ പ്രൊഫഷണൽ EMCEE ശ്രീ. അനിൽ ജനാർദ്ദനന്റെ മെന്റർഷിപ്പിലും മാർഗനിർദേശത്തിലും ദിയ ജേക്കബ്, ദിയ ഫിലിപ്പ്, ഇവാന അബിലാഷ് എന്നിവർ വേദിയുടെ അവതരണ ചുമതല ഏറ്റെടുത്തു.

ഭാവിയിലെ MASH അവതാരകരായി വളരാനുള്ള അവരുടെ ആദ്യ ചുവടുവെപ്പായിരുന്നു ഇത്. മുതിർന്ന തലമുറയുടെ അനുഭവവും പുതുതലമുറയുടെ ആത്മവിശ്വാസവും ഒരേ വേദിയിൽ ഒന്നിച്ച ഈ സംരംഭം, നേതൃത്വം അടുത്ത തലമുറയിലേക്ക് കൈമാറാനുള്ള ഞങ്ങളുടെ ദീർഘവീക്ഷണത്തിന്റെ പ്രതീകമായി മാറി.

## MASH Voiceന്റെ ഗാനമേള ആവേശമായി

പരിപാടിയുടെ മറ്റൊരു പ്രധാന ആകർഷണമായിരുന്നു MASH Voice അവതരിപ്പിച്ച Karaoke Ganamela.

വേണുനാഥ്, സീറ, സീജ, ജേക്കബ്, അനിൽ, രാജേഷ് എന്നിവർ ചേർന്ന ഗാനമേള സദസ്സിനെ ആവേശത്തിലാക്കി. പ്രായഭേദമന്യേ എല്ലാവരെയും ഒരുമിപ്പിച്ച സംഗീത വിരുന്നായി ഗാനമേള മാറി.

സംഘടനയുടെ പിന്നാമ്പുറത്തെ കൂട്ടായ പ്രവർത്തനം

ഓണാഘോഷത്തിന്റെ വിജയത്തിന് പിന്നിൽ വേദിയിൽ കാണപ്പെട്ടവരേക്കാൾ ഏറെ പേരുടെ നിശ്ശബ്ദമായ പ്രവർത്തനമുണ്ടായിരുന്നു. പരിപാടികളുടെ ഏകോപനം, ഗെയിംസ്, സമയക്രമീകരണം, ഹാൾസീറ്റിംഗ് ക്രമീകരണം, അലങ്കാരം, സൗണ്ട് ആൻഡ് ലൈറ്റ്, ഫോട്ടോവീഡിയോ, സോഷ്യൽ മീഡിയ തുടങ്ങിയ മേഖലകളിൽ വിവിധ അംഗങ്ങളും വളണ്ടിയർമാരും ഉത്തരവാദിത്തത്തോടെ പ്രവർത്തിച്ചു.

ജോയിന്റ് സെക്രട്ടറി അഭിലാഷ് ഫ്രാൻസിസിന്റെയും ജോയിന്റ് ട്രഷറർ അഭിലാഷ് കുഞ്ഞുമോന്റെയും നേതൃത്വപരമായ സഹകരണവും, ട്രഷറർ ജോർജ് വർഗീസിന്റെ സാമ്പത്തിക ഏകോപനവും പരിപാടിയുടെ സുഗമമായ നടത്തിപ്പിന് പിന്തുണയായി.

Executive Committee അംഗങ്ങളായ ജോഷി വർഗീസ്, സനിത് നായർ, ബിജു മുറക്കാട്ട്, സിജു ജോസഫ് എന്നിവരുടെയും മറ്റു അംഗങ്ങളുടെയും സജീവ പങ്കാളിത്തവും സംഘാടനത്തിന്






കരുത്തേകി.

### കുട്ടികളും കുടുംബങ്ങളും ആഘോഷത്തിന്റെ ഹൃദയം

MASH ഓണാഘോഷത്തിന്റെ ഏറ്റവും വലിയ പ്രത്യേകത, അത് ഒരു സംഘടനയുടെ പരിപാടി എന്നതിലുപരി ഒരു വലിയ കുടുംബത്തിന്റെ ആഘോഷമായി മാറിയതായിരുന്നു.

കുട്ടികളും യുവജനങ്ങളും മുതിർന്നവരും ഒരുമിച്ച് പങ്കെടുത്തപ്പോൾ, കേരളത്തിന്റെ സാംസ്കാരിക പൈതൃകം അമേരിക്കയിൽ പുതുതലമുറയിലേക്ക് കൈമാറുന്ന മനോഹരമായ കാഴ്ചയായി ഓണവേദി മാറി.

"ഓണം നമ്മളെ ഒരുമിപ്പിക്കുന്ന ആഘോഷം"

അമേരിക്കയിലെ തിരക്കേറിയ ജീവിതത്തിനിടയിലും മലയാളത്തിന്റെ സംസ്കാരവും പാരമ്പര്യവും പുതുതലമുറയിലേക്ക് കൈമാറുന്നതിനുള്ള വേദിയായി MASHന്റെ ഓണം മാറി.

ഭക്ഷണത്തിലും വസ്ത്രധാരണത്തിലും കലാപരിപാടികളിലും സംഗീതത്തിലും സൗഹൃദത്തിലും "നമ്മൾ" എന്ന കൂട്ടായ്മയുടെ ആത്മാവാണ് ഈ ആഘോഷത്തിൽ നിറഞ്ഞുനിന്നത്.

മാസങ്ങൾ നീണ്ട ആസൂത്രണം, ഭാരവാഹികളുടെ നേതൃത്വവും കമ്മിറ്റി അംഗങ്ങളുടെ ഉത്തരവാദിത്തബോധവും, വളണ്ടിയർമാരുടെ നിസ്വാർത്ഥ സേവനവും, കലാകാരന്മാരുടെ പങ്കാളിത്തവും, കുടുംബങ്ങളുടെ സഹകരണവും, പുതുതലമുറയുടെ ആവേശവും ഒത്തുചേർന്നപ്പോൾ MASH ഓണം 2026 ഒരു വിജയകരമായ പരിപാടി മാത്രമല്ല, സൗത്ത് ഹ്യൂസ്റ്റണിലെ മലയാളി സമൂഹത്തിന്റെ ഐക്യത്തിന്റെയും സൗഹൃദത്തിന്റെയും സാംസ്കാരിക പൈതൃകത്തിന്റെയും ആഘോഷമായി മാറി.

മാവേലിയുടെ വരവും, നിലവിളക്കിന്റെ പ്രകാശവും, ഓണസദ്യയുടെ പാരമ്പര്യ രുചിയും, സംഗീതത്തിന്റെ മാധുര്യവും, കുട്ടികളുടെ ചിരിയും, പുതുതലമുറയുടെ ആത്മവിശ്വാസവും കുടുംബസൗഹൃദത്തിന്റെ ഊഷ്മളതയും സമ്മാനിച്ച് ങ്ങഅടഒ ഓണം 2026 സൗത്ത് ഹ്യൂസ്റ്റണിലെ മലയാളികളുടെ മനസ്സിൽ മായാത്ത ഓർമ്മയായി.

സെക്രട്ടറി

# NEW CAR KEYS

## ARE KEY TO SAVING ON CAR INSURANCE

*Call me today to see*
*How much you can save with*
*Allstate's New Car Discount*



Allstate®

You're in good hands.

CALL

**718 831 6500**

**Joseph V Thomas**

(റജി വലിയകാല)

256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com

30 Plus years
in Insurance
Business

**We Offer 6 Hours Defensive Driving Course in NY/NJ**

# കേരളസമാജം ഓഫ് സൗത്ത് ഫ്ലോറിഡയുടെ ഓണാഘോഷം 'കലഞ്ചിയം 2026' വൻ ജനപങ്കാളിത്തത്തോടെ കൊണ്ടാടപ്പെട്ടു




സൗത്ത്ഫ്ലോറിഡ: കേരളസമാജം ഓഫ് സൗത്ത് ഫ്ലോറിഡയുടെ ഈ വർഷത്തെ ഓണാഘോഷം “കലഞ്ചിയം 2026“ വൻ ജനപങ്കാളിത്തത്തോടെ ആഗസ്റ്റ് 23-ന് ഡബ്ല്യു. ചാർൾസ് ഫ്ലാനഗൻ ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ വർണാഭമായി അരങ്ങേറി. മലയാളി സമൂഹത്തിന്റെ ഐക്യവും പാരമ്പര്യവും ആഘോഷിക്കുന്ന വിവിധ പരിപാടികളാൽ സമ്പന്നമായിരുന്നു ഓണാഘോഷം. “കലഞ്ചിയം“ എന്ന വാക്കിന്റെ അർത്ഥം പോലെ, ഏറ്റവും മികച്ചത് സൂക്ഷിച്ചുവയ്ക്കുന്ന ധാന്യ സംഭരണിയായി മാറിയ “കലഞ്ചിയം 2026“ ഓണാഘോഷം വിവിധ കലാ-സാംസ്കാരിക പരിപാടികളാൽ സമ്പന്നമായിരുന്നു.

കേരളസമാജം ഓഫ് സൗത്ത് ഫ്ലോറിഡ പ്രസിഡന്റ് നോയൽ മാത്യു ഉദ്ഘാടനം ചെയ്ത ചടങ്ങിൽ വിശിഷ്ട അതിഥികളായി പെംബ്രോക്ക് പൈൻസ് സിറ്റി മേയർ ആഞ്ചലോ കാസ്റ്റലോ, ഫോമാ (2026





2028) പ്രസിഡന്റ് ശ്രീ. ബിജു തോണിക്കടവിൽ, ഫോമാ സെക്രട്ടറി ശ്രീ. ബൈജു വർഗീസ് എന്നിവർ സന്നിഹിതരായി ചടങ്ങിന് ആശംസകൾ നേർന്നു. സമൂഹത്തിലെ വിവിധ സംഘടനാ നേതാക്കൾ, മതനേതാക്കൾ, പുരോഹിതർ സാംസ്കാരികവും സാമൂഹികവുമായ രംഗങ്ങളിലെ പ്രമുഖരുടെ സാന്നിധ്യം ഈ ചടങ്ങിന് കൂടുതൽ പ്രാധാന്യം നൽകി. കേരളീയ പാരമ്പര്യവും ഓണത്തിന്റെ സാഹോദര്യ സന്ദേശവും ഉയർത്തിപ്പിടിച്ചുകൊണ്ടായിരുന്നു ഉദ്ഘാടനച്ചടങ്ങ്. സന്നിഹിതരായ എല്ലാവർക്കും സെക്രട്ടറി ശ്രീ:സഞ്ജയ് നടുപറമ്പിൽ സ്വാഗതവും, ജോ: സെക്രട്ടറി ശ്രീ: ദീപക് ഗോപാലകൃഷ്ണൻ കൃതജ്ഞതയും അർപ്പിച്ചു

പരമ്പരാഗത കേരളീയ കലാരൂപങ്ങളും മാവേലി മന്നനും, തലപ്പൊലിയേന്തിയ മലയാളി മങ്കമാരോടു കൂടിയ സാംസ്കാരിക ഘോഷയാത്രയും സംഗീതവും നൃത്തവും ഉൾപ്പെടെയുള്ള വിവിധ കലാപരിപാടികൾ എന്നിവ ഈ ആഘോഷത്തിന് മാറ്റുകൂട്ടി. വിവിധ പ്രായത്തിലുള്ളവർ ആവേശപൂർവം പങ്കെടുത്ത പരിപാടികൾ മലയാളികളുടെ കൂട്ടായ്മയുടെയും സൗഹൃദത്തിന്റെയും മനോഹരമായ വേദിയായി മാറി.

ഓണത്തിന്റെ പ്രധാന ആകർഷണമായ വിഭവസമൃദ്ധമായ ഓണസദ്യയും ഒരുക്കിയിരുന്നു. വലിയ ജനപങ്കാളിത്തമായിരുന്നു ഓണസദ്യയിൽ. കുടുംബസമേതം എത്തിയവർക്ക് പരമ്പരാഗത ഓണസദ്യയുടെ രുചി ആസ്വദിക്കാനും പരസ്പരം സൗഹൃദം പുതുക്കാനും ഈ ആഘോഷം അവസരമൊരുക്കി. കേരളസമാജം അവതരിപ്പിച്ച ഡിജിറ്റൽ മെംബർഷിപ്പ് എൻട്രി എന്ന നൂതനമായ സംവിധാനത്തിന്റെ ഫലപ്രദമായ പരിശോധനയും സമയക്രമീകരണവും വഴി ഓണസദ്യയിൽ സാധാരണയായി ഉണ്ടാകുമായിരുന്ന തിരക്ക് പരമാവധി കുറയ്ക്കുവാൻ





സംഘാടകർക്കു കഴിഞ്ഞു. ഏർലി രജിസ്ട്രേഷൻ സംവിധാനത്തിലൂടെ യാതൊരു അപാകതകളുമില്ലാതെ 1200 -ൽ അധികം പേർക്ക് ഓണസദ്യയിൽ പങ്കെടുക്കുവാൻ കഴിഞ്ഞത് ഈ വർഷത്തെ ഓണാഘോഷത്തിന്റെ ഒരു വലിയ നേട്ടമായി വിലയിരുത്തപ്പെടുന്നു.

കേരളത്തിന്റെ തനിമയും സംസ്കാരവും പുതുതലമുറയിലേക്ക് പകരുന്നതിനൊപ്പം, പ്രവാസി മലയാളികൾക്കിടയിൽ ഐക്യവും കൂട്ടായ്മയും ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് കേരളസമാജം ഓഫ് സൗത്ത് ഫ്ലോറിഡ വർഷംതോറും ഓണാഘോഷം സംഘടിപ്പിക്കുന്നത്. അതോടൊപ്പം ഭാരതത്തിന്റെ സ്വാതന്ത്ര്യ ലബ്ധിയുടെ ഓർമ്മകൾ പുതുക്കിയ ദേശഭക്തി നിഴലിക്കുന്ന കലാപരിപാടികളൂ് കലഞ്ചിയം 2026 -ന് മാറ്റ് കൂട്ടി . കലാമണ്ഡലം ഹരി മാരാരുടെയും, അഖിൽ മാരാരുടെയും ശിക്ഷണത്തിൽ ചെണ്ട അഭ്യസിച്ചു കൊണ്ടിരുന്ന 18 കുട്ടികൾക്ക് ഈ നിറഞ്ഞ സദസ്സിനുമുൻപിൽ അവരുടെ അരങ്ങേറ്റം നടത്തുവാൻ കഴിഞ്ഞു എന്നത് ഒരു സാംസ്കാരിക സംഘടന സമൂഹത്തിന് കൊടുത്ത സംഭാവനയായി വിലയിരുത്തേണ്ടതാണ്. അതോടൊപ്പം യൂത്ത് ഫോറം അവതരിപ്പിച്ച ഭാരതീയ നൃത്ത നൃത്യ കലാരൂപങ്ങളുടെ സമന്വയമായ ഒരു ഫാഷൻ ഷോ സദസ്സിന്റെ നിലക്കാത്ത കയ്യടികൾക്ക് സാക്ഷ്യപത്രമായി.

43 വർഷങ്ങളുടെ മഹത്തായ പാരമ്പര്യമുള്ള ഈ സംഘടനക്ക് വടക്കേ അമേരിക്കയിലും കാനഡയിലുമായി പ്രവർത്തിക്കുന്ന 101 സമാന്തര സംഘടനകളിൽ വച്ച് ഏറ്റവും മികച്ച സംഘടനയായി ഫോമാ 2026 കൺവൻഷനിൽ വച്ച്തി രഞ്ഞെടുക്കപ്പെട്ടത്തിനു ലഭിച്ച ട്രോഫി, ഫോമ ഭാരവാഹികളുടെയും മുൻ പ്രസിഡന്റുമാരുടെയും, നിറഞ്ഞ സദസ്സിന്റെയും സാന്നിദ്ധ്യത്തിൽ കേരളസമാജത്തിനു വേണ്ടി പ്രസിഡന്റ് ഏറ്റുവാങ്ങിയത് എല്ലാ കേരളസമാജാംഗങ്ങൾക്കും ഒരു അഭിമാന നിമിഷമായി.

ഈ പരിപാടിയുടെ വിജയത്തിനായി കമ്മിറ്റി അംഗങ്ങളോടൊപ്പം Women's/ Youth Forums കൂടാതെ അനവധി സന്നദ്ധപ്രവർത്തക







രുടെയും അശ്രാന്തപരിശ്രമം ഉണ്ടായിരുന്നു എന്നത് വളരെ പ്രകടമായിരുന്നു. ഈ കൂട്ടായ പ്രവർത്തനമാണ് "കലഞ്ചിയം 2026" ഇത്രയും വിജയകരമായത് എന്നത് തന്റെ അധ്യക്ഷപ്രസംഗത്തിൽ കേരളസമാജം പ്രസിഡന്റ് നന്ദിപൂർവ്വം അനുസ്മരിച്ചു. ദക്ഷിണ ഫ്ലോറിഡയിലെ മലയാളി സമൂഹത്തിന്റെ സജീവ സാന്നിധ്യം കൊണ്ട് ഇത്തവണത്തെ ഓണാഘോഷം ഏറെ ശ്രദ്ധേയമായി.

കേരളസമാജം ഓഫ് സൗത്ത് ഫ്ലോറിഡയുടെ 2026 -ലെ ഭരണസമിതി

നോയൽ മാത്യു (പ്രസിഡന്റ്)
ചെറിയാൻ എബ്രഹാം
(വൈസ് പ്രസിഡന്റ്)
സഞ്ജയ് നടുപറമ്പിൽ (സെക്രട്ടറി)
നിധീഷ് ജോസഫ് (ട്രഷറർ)
ദീപക് ഗോപാലകൃഷ്ണൻ
(ജോയിന്റ് സെക്രട്ടറി)
വിനോദ് നായർ (ജോയിന്റ് ട്രഷറർ )
അജി വർഗീസ്
ഷിബു ജോസഫ്
നിക്സൺ ജോസഫ്
ബിജു ബെനിയാം
ജെയ്സൺ ജെയിംസ്
Dr.ജോജി ഗീവർഗീസ്
Capt:വിബിൻ വിൻസന്റ്
വാണി സുധീഷ്
ടെസി ആൻ തോമസ്
കവിത മരിയ ഡേവിസ്
രതീഷ് ചിത്രാലയ (പ്രസിഡന്റ് എലെക്റ്റ്)
ബിജു ജോൺ (എക്സ്-ഓഫീഷ്യോ )

വാർത്ത : ബിജു ജോൺ

NRS PAY

TAP, DIP, SWIPE OR KEY!



ACCEPTING CREDIT CARDS SHOULDN'T BE A JUGGLING ACT!

Simplify your payment acceptance.




अपने हाई क्रेडिट कार्ड प्रोसेसिंग बिलों में कटौती करें।

✔ FREE Credit Card Reader
✔ NO Long-Term Contracts
✔ NO Hidden Fees
✔ NO Early Termination Fee

GET STARTED TODAY!
Call (877) 202-8112
or visit nrspay.com

NRS Pay is a service of National Retail Solutions, Inc. Contract required. Certain features are non-standard and may require additional charges. Terms subject to change. National Retail Solutions, Inc. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN, and a registered ISO of Wells Fargo Bank, N.A., Concord, CA. IDT Telecom Canada Corp. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN.

# മിഷിഗൺ മലയാളി അസോസിയേഷന്റെ ഓണാഘോഷം നിറവാർന്ന ഓർമ്മയായി

മിഷിഗൺ: മിഷിഗൺ മലയാളി അസോസിയേഷന്റെ (MMA) ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഓണാഘോഷം വർണാഭമായ പരിപാടികളോടെ ആഘോഷിച്ചു.

29 ആം തീയതി ശനിയാഴ്ച 11 മണിക്ക് സെന്റ് മേരിസ് ക്നാനായ ചർച്ച് പാരിഷ് ഹാളിൽ വെച്ചായിരുന്നു ഈ വർഷത്തെ ഓണാഘോഷം നടത്തിയത്.

തോമസ് ജോർജിന്റെ (ചാച്ചി) സ്വാഗതത്തോടെ ആരംഭിച്ച ആഘോഷങ്ങൾക്കു ജെയ്സ് കണ്ണച്ചാൻപറമ്പിൽ അധ്യക്ഷനായിരുന്നു. തന്റെ പ്രസംഗത്തിൽ ഓണത്തിന്റെ പ്രത്യേകതകളെ പറ്റി പുതു തലമുറയെ ഓർമപ്പെടുത്തി.

റെവ. ജോസ് തറക്കൽ ആശംസ അർപ്പിച്ചു.

പ്രോഗ്രാമിന്റെ സ്പോൺസർ ആയിരുന്ന ജോളി റിയൽറ്റർ ശ്രീ. വിവേക് ജോളിയെ ശ്രീ ബിജു നോച്ചയിൽ ചടങ്ങിൽ ആദരിച്ചു. ശ്രീ. വിനോദ് തോമസ് ചടങ്ങിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി പ്രകാശിപ്പിച്ചു. തുടർന്നും നടക്കുന്ന M-M-A യുടെ എല്ലാ പരിപാടികൾക്കും എല്ലാവരുടെയും സഹകരണം ആവശ്യപ്പെട്ടു. ശ്രീ. ജോജി വർഗീസ് എംസി ആയി പ്രവർത്തിച്ചു.

ഗാർഡൻ ഫ്രഷ് കഫേ ഒരുക്കിയ വിഭവസമൃദ്ധമായ



ഓണസദ്യ ആഘോഷത്തിന് മാറ്റുകൂട്ടി. സ്നേഹവും സൗഹൃദവും പങ്കുവെച്ച് കുടുംബങ്ങളോടൊപ്പം നിരവധി പേർ ആഘോഷത്തിൽ പങ്കെടുത്തു.

പൂക്കളമൊരുക്കിയും ഓണപ്പാട്ടുകളും വിവിധ കലാപരിപാടികളും അവതരിപ്പിച്ചും ആഘോഷം കൂടുതൽ മനോഹരമാക്കി. കുട്ടികളും മുതിർന്നവരും ഒരുപോലെ ആവേശത്തോടെ പങ്കെടുത്ത വിവിധ പരിപാടികൾ സദസ്സിന്റെ കൈയടി നേടി.

മോടൗൺ ഡെട്രോയിട്ടിന്റെ ചെണ്ടമേളം പ്രത്യേകം സദസ്സിന്റെ കൈയടി നേടി.

പരിപാടിയുടെ വിജയത്തിനായി പങ്കെടുത്ത എല്ലാ കുടുംബങ്ങളെയും M-M-A ഭാരവാഹികൾ നന്ദിയോടെ സ്മരിച്ചു.

ഒരുമയും സ്നേഹവും നിറഞ്ഞ ആ ഓണദിനം, മിഷിഗണിലെ മലയാളി സമൂഹത്തിന് മനസ്സിൽ സൂക്ഷിക്കാനുള്ള മറ്റൊരു മനോഹര ഓർമ്മയായി മാറി.







### പുസ്തക പരിചയം

# ഹൃദയത്തിന്റെ കൈയ്യൊപ്പുകൾ (കവിതാസമാഹാരം) ഉഷാ നായർ








**പുസ്തക പരിചയം**
**തയ്യാറാക്കിയത് –**
**ബാജി ഓടംവേലി, ഡാലസ്**

ഓരോ കവിതയും ജീവിതാനുഭവങ്ങളെ വാക്കുകളുടെ തീരത്തേക്ക് ആവാഹിക്കുന്ന ഒരു മാന്ത്രികതയാണ്. അത് ഹൃദയത്തിനുള്ളിൽ നിന്ന് ഉയരുന്ന സ്വപ്നം പോലെ, വേദനയുടെ മഴപോലെ, സ്നേഹത്തിന്റെ നിലാവായി, സാമൂഹ്യ യാഥാർത്ഥ്യത്തിന്റെ കൊടുങ്കാറ്റായും മാറുന്നു. ഹൃദയത്തിന്റെ കൈയ്യൊപ്പുകൾ എന്ന ശീർഷകം തന്നെ ഈ സമാഹാരത്തിന്റെ ആത്മാവിനെ സൂചിപ്പിക്കുന്നു.

പ്രവാസജീവിതത്തിന്റെ മൗനവും ശബ്ദവും തമ്മിലുള്ള യാത്രയിൽ പിറന്നു വീണ വാക്കുകളാണ് കവിതകളോക്കെ. കഴിഞ്ഞ രണ്ടു പതിറ്റാണ്ടിലേറെക്കാലമായുള്ള അമേരിക്കൻ ജീവിത യാത്രയിലെ സ്നേഹവും വേദനയും പ്രതീക്ഷകളും ചേർന്ന അനുഭവങ്ങളാണ് ശബ്ദവും മൗനവും സന്ധിക്കുന്ന കവിതകളിലൂടെ ഇവിടെ പുനർജ്ജനിക്കുന്നത്.

നമ്മുടെ ഭാരതീയ സംസ്കാരത്തിന്റെ കാതലായ സന്ദേശമാണ് 'മാതാ പിതാ ഗുരു ദൈവം' എന്നത്. ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിൽ മാതാവിനും പിതാവിനും ഗുരുവിനും ദൈവത്തിനും വിവിധ ധർമ്മങ്ങളുണ്ട്. നമ്മെ ഈ പ്രപഞ്ചത്തിലേയ്ക്ക് കൊണ്ടുവന്ന മാതാവിനാണ് എന്നും നമ്മുടെ മനസ്സിൽ പ്രഥമസ്ഥാനം നൽകേണ്ടത്. ജന്മം നൽകി, ലാളിച്ചു വളർത്തി ആദ്യമായി ഈ ലോകം

കാട്ടിത്തന്ന വ്യക്തി. ജനനത്തിന് കാരണഭൂതനായ പിതാവിനെ മാതാവ് കാട്ടിത്തരുന്നു. പിതാവ് സംരക്ഷണവും പിന്തുണയും നൽകി ജീവിതവഴികളിൽ മാർഗ്ഗദീപമാകുന്നു. ക്രമേണ, മാതാവും പിതാവും കൂടി നമ്മുടെ ഗുരുവിനെ കണ്ടെത്തുന്നു. അറിവും സംസ്കാരവും പകർന്നുനൽകി വ്യക്തിയെ ശരിയായ പാതയിലൂടെ നയിക്കുന്ന അധ്യാപകൻ. പിന്നീടങ്ങോട്ട് ജന്മത്തിന്റെ അടുത്ത ഘട്ടമായി, ഗുരുവിൽ നിന്ന് അക്ഷരങ്ങളും അനുഭവങ്ങളും പാഠങ്ങളും ഒക്കെ ഉൾക്കൊണ്ട്, ശരിയായ ജ്ഞാനത്തിലൂടെ ഈശ്വരനെ അനുഭവിക്കാൻ കഴിയുന്നു. എല്ലാറ്റിനും ആധാരമായ ആത്മചൈതന്യം അല്ലെങ്കിൽ പരമമായ സത്യമാണ് ദൈവം.

മാതാ പിതാ ഗുരു ദൈവ വിചാരങ്ങളെ വീണ്ടെടുത്തുകൊണ്ടു തുടക്കത്തിൽ തന്നെ ക്രമമായി ചേർത്തിരിക്കുന്ന അമ്മ, പിതാവിന്റെ സ്നേഹം, അദ്ധ്യാപകൻ, പ്രാർത്ഥന എന്നീ നാലു കവിതകൾ അവയുടെ വിഷയ മഹത്വം വികാര വായ്പോടെ വിവരിക്കുന്നതോടൊപ്പം ആ സങ്കല്പങ്ങൾക്ക് ഉണ്ടായിട്ടുള്ള മൂല്യച്യുതിയും ആകുലതയോടെ പങ്കുവെയ്ക്കുന്നു.

'ഭൂമിയിലെ മാലാഖമാർ' എന്ന കവിതയിൽ ആരോഗ്യ രംഗത്തെ താരകങ്ങളായ നേഴ്സുമാരുടെ പ്രവർത്തികളെ കാണുകയും വായനക്കാർക്ക് കാട്ടിത്തരുകയും നമിക്കുകയും ചെയ്യുന്നു. കവിയും ഒരു നേഴ്സായതിൽ അഭിമാനിക്കുന്നുണ്ട്.




തണൽ മരം, പൈങ്കിളി, കുളിർക്കാറ്റ്, ദാഹജലം, പുഴ, വേരുകൾ തുടങ്ങിയ കവിതകൾ പ്രകൃതിയെ നാം കാണേണ്ടതു പോലെ കാണാൻ പ്രേരിപ്പിക്കുന്നു. ഈ കവിതകളിൽ പ്രകൃതിയുടെ നാശവും ഭാവിയുടെ നിരാസവും നോവായി കൊണ്ടുനടക്കുന്ന പ്രകൃതി സ്നേഹിയായ ഒരു കവിയെ കാണാം.

അതിഭൗതികതയുടെ മോഹവലയത്തിൽപ്പെട്ടു കാലത്തിന്റെ ബന്ധനങ്ങളെ തകർക്കുവാൻ മനുഷ്യൻ നടത്തുന്ന പാഴ്ശ്രമങ്ങളെ 'സമയം' എന്ന കവിത ദാർശനിക ദൃഷ്ടിയിലൂടെ അവതരിപ്പിക്കുകയും ജീവിതത്തിന്റെ നിരർത്ഥകതയെ നിർധാരണം ചെയ്യുകയും ചെയ്യുന്നു.

'സ്നേഹത്തിന്റെ വില' എന്ന കവിതയിൽ സ്നേഹം എന്ന വാക്കിന്റെ മാസ്മര ശക്തി വർണ്ണിച്ചിരിക്കുന്നു. സ്നേഹം നൽകി ഹൃദയങ്ങളിൽ നന്മ

പുലരട്ടെയെന്ന് കവിതയിലൂടെ ആവശ്യപ്പെടുന്നു. ഈ കവിതകൾ വെറും വാക്കുകളുടെ കൂട്ടം മാത്രമല്ല, മറിച്ച് ഹൃദയത്തിന്റെ സ്പന്ദനങ്ങൾ, മനസ്സിന്റെ വ്യഥകൾ, സ്വപ്നങ്ങളുടെ നിറങ്ങൾ ഒക്കെയാകുന്നു.

'സ്ത്രീ ശക്തി' എന്ന കവിതയിൽ വനിതയെന്ന അഭിമാന വിഷയത്തിന്റെ പാവനതെ കാട്ടിത്തരുന്നു. ഈ കവിത മാത്രമല്ല എല്ലാ കവിതകളും സ്ത്രീയുടെ അനുഭവങ്ങളെ ആഴത്തിൽ ആവിഷ്കരിക്കുന്നതിലൂടെ ഒരു സ്ത്രീ കേന്ദ്രീകൃത ദൃഷ്ടിയെ പ്രതിനിധീകരിക്കുകയും ചെയ്യുന്നു.

ഓണത്തെക്കുറിച്ചും വിഷുവിനെക്കുറിച്ചും, മനുഷ്യനെ അടുത്തിടെ പിടിച്ചുലച്ച കോവിഡ് 19 എന്ന മഹാമാരിയെക്കുറിച്ചു കവിതകളുണ്ട്. 'ഹൃദയത്തിന്റെ തേങ്ങൽ' എന്ന ഈ സമാഹാരത്തിലെ അവസാന കവിത വരും തലമുറയ്ക്കുന്ന ഉപദേശമാണ്. കവിതകൾ വ്യക്തിഗത അനുഭവത്തിൽ നിന്ന് സാമൂഹ്യമാനങ്ങളിലേക്ക് ഉയരുമ്പോൾ കവിതകൾ കൂടുതൽ അർത്ഥവത്താകുന്നു.

ആശയങ്ങൾ കൊണ്ട് ആസ്വാദ്യമാകുന്നതോടൊപ്പം ശ്രവണസുഖവും ഭാവ മാധുര്യവും ഉള്ളവയാണ് ഈ കവിതകൾ. കവിതന്നെ ഈ കവിതകൾ ഈണത്തിൽ മനോഹരമായി ചെല്ലുന്നത് പല വേദികളിലും കേട്ടിട്ടുണ്ട്.

മുഖം ബുക്സ് എഡിറ്റർ അനിൽ പെണ്ണുക്കരയുടെ പ്രസാധകക്കുറിപ്പ് ആമുഖമായി ചേർത്തിട്ടുണ്ട്. ഹ്യൂസ്റ്റണിൽ നിന്നുള്ള സുരേന്ദ്രൻ നായരാണ് അവതാരിക എഴുതിയിരിക്കുന്നത്. 26 കവിതകളുടെ ഈ സമാഹാരം മലപ്പുറത്തുള്ള മുഖം ബുക്സാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. 56 പേജുകളുള്ള പുസ്തകത്തിന്റെ വില 120 രൂപയാണ്.

## ഉഷാ നായർ

കോട്ടയം ജില്ലയിലെ അയർക്കുന്നത്ത് നാരായണൻ നായരുടെയും സുമതി അമ്മയുടെയും ഇളയ മകളായി ജനനം.കോളേജ് വിദ്യാഭ്യാസത്തിനു ശേഷം, ഡൽഹിയിൽ നഴ്സിംഗ് പഠനം പൂർത്തിയാക്കി. ഡൽഹിയിലും സൗദി അറേബ്യയിലും നേഴ്സായി ജോലി ചെയ്തു. തുടർന്ന് അമേരിക്കയിലെത്തി. ജോലി ആദ്യം ന്യൂയോർക്കിലും പിന്നീട് ടെക്സ്സസിലെ ഡാലസിലും.

ചെറുപ്പം മുതലെ കലയിലും സാഹിത്യത്തിലും താത്പര്യം ഉണ്ട്. ആനുകാലികങ്ങളിൽ കഥ, കവിത തുടങ്ങിയവ എഴുതുന്നു. പലതവണയായി എഴുതിയതും ചില പ്രസിദ്ധീകരങ്ങളിൽ അച്ചടിച്ചു വന്നതുമായ കവിതകൾ ചേർന്ന് പ്രസിദ്ധീകരിച്ചിരിക്കുന്ന ആദ്യ പുസ്തകമാണിത്.

ഡാലസ് കേരള ലിറ്ററി സൊസൈറ്റി, ലിറ്ററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക (ലാന), ഡാലസ് കേരള അസോസിയേഷൻ തുടങ്ങിയ സാഹിത്യ സാംസ്കാരിക സംഘടനകളിൽ സജീവമാണ്.

കുടുംബസമേതം ഡാലസിൽ താമസിക്കുന്നു. ഭർത്താവ് :- രാജേന്ദ്രൻ, മക്കൾ :- ആദർശ്, അഖിൽ



# സൗത്ത് ഫ്ലോറിഡയെ വിസ്മയിപ്പിച്ച് ഗോപിനാഥ് മുതുകാടിന്റെ മാജിക് ഷോ;

## കൈരളി ആർട്സ് ക്ലബിന്റെ 'എം ക്യൂബ്' ഷോ ഹൗസ്ഫുൾ




ജോർജി വർഗീസ്

സൗത്ത് ഫ്ലോറിഡ: കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുംഭിന്നശേഷിക്കാരായ കുട്ടികളും ഉൾപ്പെടെയുള്ളവരുടെ പുനരധിവാസ പ്രവർത്തനങ്ങൾക്ക് ധനസമാഹരണം ലക്ഷ്യമിട്ട് പ്രശസ്ത മജീഷ്യനും സാമൂഹിക പ്രവർത്തകനുമായ പ്രൊഫ. ഗോപിനാഥ് മുതുകാട് അവതരിപ്പിച്ച ‘എം ക്യൂബ്’ ഷോ സൗത്ത് ഫ്ലോറിഡയിലെ കൂപ്പർസിറ്റിയിൽ വൻ വിജയമായി.

കൂപ്പർ സിറ്റി ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന പരിപാടിയിൽ ഹൗസ്ഫുൾ സദസ്സാണ് സാക്ഷിയായത്. മാജിക്, സംഗീതം, പ്രചോദന സന്ദേശങ്ങൾ എന്നിവ സമന്വയിപ്പിച്ച ‘എം ക്യൂബ്’ ഷോ പ്രേക്ഷകർക്ക് വേറിട്ട അനുഭവമായി.

ചാരിറ്റി പ്രോഗ്രാമുകൾ കൈമുതലാക്കിയ സൗത്ത് ഫ്ലോറിഡയിലെ കൈരളി ആർട്സ് ക്ലബ് ആണ് പരിപാടി സംഘടിപ്പിച്ചത്. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരായ കുട്ടികൾക്കും മറ്റ് ഭിന്നശേഷിക്കാരായ കുട്ടികൾക്കും മെച്ചപ്പെട്ട ജീവിതസാഹചര്യം ഒരുക്കുന്നതിനായി ഗോപിനാഥ് മുതുകാട് നേതൃത്വം നൽകുന്ന പദ്ധതിക്ക് പിന്തുണ നൽകുക എന്നതായിരുന്നു പരിപാടിയുടെ പ്രധാന ലക്ഷ്യം.

കാസർഗോഡ് ജില്ലയിൽ ഏകദേശം 2,000 ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രയോജനപ്പെടുന്ന അത്യാധുനിക പുനരധിവാസ കേന്ദ്രമാണ് ഗോപിനാഥ് മുതുകാടിന്റെ നേതൃത്വത്തിൽ വിഭാവനം ചെയ്തിരിക്കുന്നത്. കുട്ടികളുടെ വിദ്യാഭ്യാസം, പരിശീലനം, പുനരധിവാസം, തൊഴിൽപരമായ ശാക്തീകരണം എന്നിവയ്ക്ക് സഹായകമാകുന്ന സംസ്ഥാനതലത്തിലുള്ള മാതൃകാ കേന്ദ്രമായി ഈ പദ്ധതി മാറുമെന്നാണ് പ്രതീക്ഷിക്കുന്നത്.

മജീഷ്യനായിരുന്ന തന്റെ കലാജീവിതത്തിൽ നിന്ന് ഭിന്നശേഷിക്കാരായ കുട്ടികളുടെ ക്ഷേമത്തിനായുള്ള സാമൂഹിക പ്രവർത്തനങ്ങളിലേക്ക് ഗോപിനാഥ് മുതുകാട് തിരിയുകയായിരുന്നു. തിരുവനന്തപുരത്തെ കഴക്കൂട്ടത്ത് ഇതിനകം തന്നെ ഭിന്നശേഷിക്കാരായ കുട്ടികൾക്കായി ഏകദേശം 200 പേരെ ഉൾക്കൊള്ളുന്ന ഒരുപുനരധിവാസ കേന്ദ്രം അദ്ദേഹം നടത്തിവരുന്നു.

പരിപാടിയുടെ കോ-ഓർഡിനേറ്റർ ഡോ. മാമ്മൻ സി ജേക്കബിന്റെ നേതൃത്വത്തിൽ നടന്ന ധനസമാഹരണ പ്രവർത്തനങ്ങൾക്ക് മികച്ച പ്രതികരണമാണ് ലഭിച്ചത്. ഒരു കുട്ടിയുടെ ഒരുമാസത്തെ ചെലവിനായി 1,600 അമേരിക്കൻ ഡോളർ വീതം സ്പോൺസർ ചെയ്യാൻ നിരവധി പേർ മുന്നോട്ടുവന്നു.

ഭിന്നശേഷിക്കാരായ കുട്ടികൾക്കും അവരുടെ കുടുംബങ്ങൾക്കും സ്വന്തമായി താമസിക്കാൻ സൗകര്യമില്ലാത്ത സാഹചര്യത്തിൽ സഹായകരമാകുന്ന 'മാജിക് ഹോംസ്' എന്ന പദ്ധതിയെക്കുറിച്ചും ഗോപിനാഥ് മുതുകാനുഌട് വിശദീകരിച്ചു. ഒരു വീടിന് ഏകദേശം 12 ലക്ഷം രൂപ ചെലവ് വരുമെന്നാണ് അദ്ദേഹം വ്യക്തമാക്കിയത്. വീടുകൾ നിർമ്മിക്കുന്നതിനും ചിലർ സഹായം വാഗ്ദാനം ചെയ്തു.

ഫൊക്കാനാ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ആയി തെരെഞ്ഞെടുക്കപ്പെട്ട ലിന്റോ ജോളിയേ യോഗം അഭിനന്ദിച്ചു.





ഫൊക്കാനാ കലഹാരി കോൺവെഷനിൽ നടത്തിയ മോഹിനിയാട്ടം ഗിന്നസ് റെക്കോർഡ്നൃത്തത്തിൽ സൗത്ത് ഫ്ലോറിഡയിൽ നിന്നും പങ്കാളിയായ LIYANA GRACE SAMUEL, ചെണ്ടമേളത്തിൽ പങ്കെടുത്ത Mohan Narayanan, Gopan Nair, Deepak Vasudevan എന്നിവരെ യോഗം അഭിനന്ദിച്ചു.

സാമൂഹിക സേവനരംഗത്ത് സജീവമായ സംഘടനയാണ് കൈരളി ആർട്സ് ക്ലബ് ഓാഫ്സൗത്ത് ഫ്ലോറിഡ. കേരളത്തിലെ വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് സംഘടനവർഷങ്ങളായി പിന്തുണ നൽകി വരുന്നു. തിരുവല്ലയിലെ ഭിന്നശേഷിക്കാരായകുട്ടികൾക്കായുള്ള വികാസ് സ്കൂളിനും കൈരളി ആർട്സ് ക്ലബ് സഹായം സ്തിരമയിസഹായം ചെയ്തു വരുന്നു.

പരിപാടിയുടെ വിജയത്തിനായി കൈരളി ആർട്സ് ക്ലബ് പ്രസിഡന്റ് ഡോ. മഞ്ജു സാമുവൽ, സെക്രട്ടറി ജോമി ജോസഫ്, പ്രോഗ്രാം കോ–ഓർഡിനേറ്റർ ഡോ. മാമൻ സി. ജേക്കബ്, മുൻ ഫൊക്കാന പ്രസിഡന്റ് ജോർജി വർഗീസ്, ബോർഡ് ചെയർമാൻ വർഗീസ് ജേക്കബ്, വൈസ്പ്രസിഡന്റ് ജോർജ് മാത്യു, ട്രഷറർ ജേക്കബ് മാത്യൂ, എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളായ ജോമോൻ മാത്യൂ, സജി മാത്യൂ എന്നിവർ സജീവമായി പ്രവർത്തിച്ചു.

ഭിന്നശേഷിക്കാരായ കുട്ടികളുടെ ജീവിതത്തിൽ പ്രതീക്ഷയും അവസരങ്ങളും സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് സൗത്ത് ഫ്ലോറിഡ മലയാളി സമൂഹം നൽകിയപിന്തുണയുടെ മികച്ച ഉദാഹരണമായി 'എംക്യൂബ്' പരിപാടി മാറി.

# Blue Ocean Wealth Solutions

A member of the MassMutual Financial Group

CELEBRATING 30 Yrs Service & Commitment



## Philipose Samuel

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

## BUSINESS NEEDS

### Business Continuation Planning

Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements

### Retirement Planning

401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs

### Employee Benefits Products

Short-term and Long-term Disability Insurance
Health Insurance*

### Group Health insurance

Group Whole Life (Without Medicals)
Group Disability & Group Dental Plans Insurance

## PERSONAL NEEDS

### Wealth Communication

Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning

### Family Protection

Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Home Owner's Insurance*
Auto Insurance*
Estate Conservation
Charitable Planning Strategies

MassMutual Leaders Conference: 2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

**Philipose Samuel (Sam)**
*30 Years of Service*
**Financial Service Representative Financial Advisor**
**O: (516) 326-7028 | C: (516) 312-2902**
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number **516 774 4283**

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

# ജേർണലിസത്തിന്റെ സേവന ശക്തിയായി ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക: ഫിലഡൽഫിയ ചാപ്റ്ററിന് പ്രൗഢ പ്രവർത്തനോദ്ഘാടനം



ജോർജ് നടവയൽ

ഫിലഡൽഫിയ: ഉത്തരവാദ മാധ്യമപ്രവർത്തനത്തിന്റെയും സാമൂഹിക പ്രതിബദ്ധതയുടെയും സന്ദേശമുയർത്തി, ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക (ഐ.പി.സി.എൻ.എ), ഫിലഡൽഫിയ ചാപ്റ്ററിന്റെ, 2026–2028 പ്രവർത്തനവർഷങ്ങളുടെ, ഉദ്ഘാടനം പ്രൗഢമായി നടന്നു. മാധ്യമസാമൂഹികസാംസ്കാരിക രംഗങ്ങളിലെ പ്രമുഖരുടെയും, വിവിധ സംഘടനാ പ്രതിനിധികളുടെയും പങ്കാളിത്തം കൊണ്ട് പ്രവർത്തനോദ്ഘാടനം ഗംഭീരമായി.

‘‘ജീർണ്ണതയ്ക്കും മൂല്യച്യുതിക്കും എതിരായ ജേർണലിസത്തിന്റെ ജനുസ്സിലാണ് ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ സ്ഥാനം’’ എന്ന ആശയം സമ്മേളനത്തിന്റെ സന്ദേശമായി ഉയർന്നു. വാർത്തകളുടെ വേഗത്തിനും മത്സരത്തിനും അപ്പുറം, സത്യസന്ധതയും വിശ്വാസ്യതയും സാമൂഹിക ഉത്തരവാദിത്തവും കാത്തുസൂക്ഷിക്കുന്ന മാദ്ധ്യമ പ്രവർത്തനമാണ്, ഇന്നിന്റെ ആവശ്യം എന്ന്, പ്രഭാഷകർ ഊന്നിപ്പറഞ്ഞു..

മൗനപ്രാർത്ഥനയോടെ ആരംഭിച്ച സമ്മേളനത്തിൽ ഐ.പി.സി.എൻ.എ ഫിലഡൽഫിയ ചാപ്റ്റർ പ്രസിഡന്റ് ലിജോ ജോർജ് അധ്യക്ഷത വഹിച്ചു. ഫിലഡൽഫിയ സിറ്റി കൗൺസിലർ ഡോ. നീന അഹമ്മദ് മുഖ്യാതിഥിയായി പ്രസംഗിച്ചു. പ്രശസ്ത വാഗ്മിയും സാഹിത്യകാരനുമായ പ്രൊഫ. കോശി തലക്കൽ വിജ്ഞാനപ്രഭാഷണം നടത്തി. ഐ.പി.സി.എൻ.എ അഡ്വൈസറി ബോർഡ് ചെയർമാനും മുൻ നാഷണൽ പ്രസിഡന്റുമായ സുനിൽ ട്രൈസ്റ്റാർ ദേശീയ

ഐ.പി.സി.എൻ.എ യുടെ വളർച്ചയെക്കുറിച്ചും പദ്ധതികളെക്കുറിച്ചും സംസാരിച്ചു.

അസൻഷൻ മാർത്തോമാ ചർച്ച് വികാരി ഫാ. ജോജി എം. മാത്യു, ഐ.പി.സി.എൻ.എ മുൻ നാഷണൽ ജനറൽ സെക്രട്ടറി വിൻസന്റ് ഇമ്മാനുവേൽ, ഡബ്ല്യു.എം.എഫ് പ്രസിഡന്റ് ഡോ. ആനി ലിബു, സിനിമാ കലാകാരിയും മാധ്യമപ്രവർത്തകയുമായ സുവർണ മാത്യു, ജോർജ് നടവയൽ, ജീമോൻ ജോർജ്, അരുൺ കോവാട്ട്, അലക്സ് തോമസ് (പമ്പ), ബിന്ദു ഏബ്രാഹം (പിയാനോ) എന്നിവർ ആശംസകൾ നേർന്നു.

ഐ.പി.സി.എൻ.എ ഫിലഡൽഫിയ ചാപ്റ്റർ വൈസ് പ്രസിഡന്റ് സുധ കർത്ത സ്വാഗതവും ട്രഷറർ റോജിഷ് സാമുവേൽ നന്ദിയും പ്രകാശിപ്പിച്ചു. കലാകാരിയും നഴ്സ് പ്രാക്ടീഷണറുമായ സിർലി ജീവൻ മാസ്റ്റർ ഓഫ് സെറിമണിയായി സമ്മേളന നടപടികൾ ചിട്ടയോടെ ഏകോപിപ്പിച്ചു. യുവചലച്ചിത്രതാരം റേച്ചൽ ഉമ്മൻ അമേരിക്കൻ ദേശീയഗാനവും ജൈസൺ ഫിലിപ്പ് ഇന്ത്യൻ ദേശീയഗാനവും ആലപിച്ചു.

**ഭദ്രദീപം തെളിച്ച് 2026–2028 പ്രവർത്തനങ്ങൾക്ക് തുടക്കം**

വിശിഷ്ടാതിഥികൾ ചേർന്ന് ഭദ്രദീപം തെളിച്ചതോടെയാണ് ഐ.പി.സി.എൻ.എ ഫിലഡൽഫിയ ചാപ്റ്ററിന്റെ 2026–2028 കാലയളവിലേക്കുള്ള പ്രവർത്തനങ്ങൾക്ക് ഔദ്യോഗിക തുടക്കമായത്.

പുതിയ തലമുറയെ മാധ്യമരംഗത്തേക്ക് ആകർഷിക്കുകയും മാധ്യമപ്രവർത്തനത്തിൽ താൽപര്യമുള്ള വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ ജേർണലിസം വിദ്യാർത്ഥികൾക്കായി സ്കോളർഷിപ്പ് പദ്ധതി ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ചാപ്റ്റർ ആസൂത്രണം ചെയ്യുന്നുണ്ടെന്ന് പ്രസിഡന്റ് ലിജോ ജോർജ് അറിയിച്ചു. മാധ്യമപ്രവർത്തകരെ ഒരുമിപ്പിക്കുന്നതിനൊപ്പം പുതിയ തലമുറയ്ക്ക്പരിശീലനവുംപ്രോത്സാഹനവും നൽകുന്ന പ്രവർത്തനങ്ങൾക്കും ഫിലഡൽഫിയ ചാപ്റ്റർ മുൻഗണന നൽകുമെന്ന് അദ്ദേഹം വ്യക്തമാക്കി.

**ഐ.പി.സി.എൻ.എ ഫിലഡൽഫിയ ചാപ്റ്ററിൽ ആദരവുകൾ:**

ഫിലഡൽഫിയ സിറ്റി കൗൺസിലിന്റെ പ്രശംസാപത്രം (Citation/ Commendation) സിറ്റി കൗൺസിലർ ഡോ. നീന അഹമ്മദ് ചാപ്റ്റർ പ്രസിഡന്റ് ലിജോ ജോർജിന് സമ്മാനിച്ചത് സമ്മേളനത്തിന്റെ ശ്രദ്ധേയ നിമിഷമായി.

പ്രൊഫ. കോശി തലക്കലിനെ, സാമൂഹികവിദ്യാഭ്യാസ രംഗത്തെ അമൂല്യ സംഭാവനകൾ മാനിച്ച്, സിറ്റി കൗൺസിലർ ഡോ. നീന അഹമ്മദും, ഇന്ത്യ പ്രസ് ക്ലബ് അഡ്വൈസറി ബോർഡ് ചെയർമാൻ സുനിൽ ട്രൈസ്റ്റാറും ചേർന്ന്, പൊന്നാട അണിയിച്ച് ആദരിച്ചു.

**ഉത്തരവാദ മാധ്യമപ്രവർത്തനത്തിന് ഐ.പി.സി.എൻ.എയുടെ കൂട്ടായ്മ: സുനിൽ ട്രൈസ്റ്റാർ**

വടക്കേ അമേരിക്കയിലെ മലയാളി മാധ്യമപ്രവർത്തകരെ, ഒരു പൊതുവേദിയിൽ അണിനിരത്തുകയും, മാധ്യമപ്രവർത്തനത്തിന്റെ പ്രൊഫഷണൽ നിലവാരം ഉയർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സംഘടനയാണ് ഇന്ത്യാ പ്രസ് ക്ലബ് ഓഫ്



നോർത്ത് അമേരിക്ക. ദേശീയ തലത്തിലുള്ള സമ്മേളനങ്ങൾ, മാധ്യമ സെമിനാറുകൾ, സംവാദങ്ങൾ, മാധ്യമപ്രവർത്തകരെ ആദരിക്കുന്ന പരിപാടികൾ, പുതിയ തലമുറയിലെ മാധ്യമപ്രവർത്തകർക്കുള്ള പ്രോത്സാഹനം, ഇന്ത്യയിലെയും അമേരിക്കയിലെയും മാധ്യമസാമൂഹിക രംഗങ്ങളിലെ പ്രമുഖരുമായുള്ള ആശയവിനിമയ വേദികൾ, എന്നീ പ്രവർത്തനങ്ങളിലൂടെ സംഘടന സജീവ സാന്നിധ്യം പുലർത്തിവരുന്നു എന്ന് സുനിൽ ട്രൈസ്റ്റാർ പ്രസംഗത്തിൽ പറഞ്ഞു.

2027 ജനുവരി ആദ്യ ആഴ്ച, കേരളത്തിൽ നടക്കാനിരിക്കുന്ന മാധ്യമശ്രീ അവാർഡിന്റെ ഒരുക്കങ്ങൾക്കായി കേരളം സന്ദർശിക്കുന്ന നാഷണൽ പ്രസിഡന്റ് രാജു പള്ളത്ത്, നാഷണൽ സെക്രട്ടറി അനിൽ കുമാർ ആറന്മുള, നാഷണൽ ട്രഷറർ ജയൻ ജോസഫ് എന്നിവരെ പ്രതിനിധാനം ചെയ്ത്, ഫിലാഡൽഫിയ ചാപ്റ്റർ പ്രസിഡന്റ് ലിജോ ജോർജിനും ഭാരവാഹികൾക്കും അംഗങ്ങൾക്കും, ഭാവുകാശംസകൾ, സുനിൽ ട്രൈസ്റ്റാർ അറിയിച്ചു.

### ആരോഗ്യകരമായ ചർച്ചകൾക്ക് ഐ.പി.സി.എൻ.എ വേദിയൊരുക്കുന്നു

മാധ്യമസ്വാതന്ത്ര്യം, മാധ്യമധാർമ്മികത, വാർത്തകളുടെ വിശ്വാസ്യത, പുതിയ സാങ്കേതികവിദ്യകൾ ഉയർത്തുന്ന അവസരങ്ങളും വെല്ലുവിളികളും തുടങ്ങിയ വിഷയങ്ങളിൽ ആരോഗ്യകരമായ ചർച്ചകൾക്ക് വേദിയൊരുക്കുന്നതിലും ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക ശ്രദ്ധ കേന്ദ്രീകരിക്കുന്നു. മറുനാടൻ മലയാളികളുടെ നേട്ടങ്ങളും പ്രശ്നങ്ങളും പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽ എത്തിക്കുന്നതിലും, അമേരിക്കൻ മലയാളി സമൂഹത്തെയും കേരളത്തെയും ഇന്ത്യയെയും മാധ്യമങ്ങളിലൂടെ കൂടുതൽ അടുപ്പത്തോടെ ബന്ധിപ്പിക്കുന്നതിലും, ഉത്തരവാദിത്തമുള്ള മാധ്യമപ്രവർത്തകർക്ക്, നിർണായക പങ്കുണ്ടെന്ന സന്ദേശവും സമ്മേളനത്തിൽ ഉയർന്നു.

മാധ്യമരംഗം അതിവേഗം മാറിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ പ്രിന്റ്, ടെലിവിഷൻ, ഓൺലൈൻ, ഡിജിറ്റൽ, സോഷ്യൽ മീഡിയ തുടങ്ങിയ വിവിധ മാധ്യമമേഖലകളിൽ പ്രവർത്തിക്കുന്നവരെ ഒരുമിപ്പിച്ച് അനുഭവങ്ങളും ആശയങ്ങളും പങ്കുവയ്ക്കുന്നതിനുള്ള വേദിയൊരുക്കുന്നതും ഐ.പി.സി.എൻ.എയുടെ പ്രവർത്തനങ്ങളുടെ പ്രധാന ഭാഗമാണ്.

ഐ.പി.സി.എൻ.എ ഫിലഡൽഫിയ ചാപ്റ്ററിന്റെ പുതിയ പ്രവർത്തനകാലയളവിൽ; മാധ്യമ സെമിനാറുകൾ, പ്രൊഫഷണൽ നെറ്റ്‌വർക്കിംഗ്, യുവ മാധ്യമപ്രവർത്തകർക്കുള്ള പ്രോത്സാഹന പദ്ധതികൾ, സാമൂഹിക പ്രസക്തിയുള്ള വിഷയങ്ങളിലെ സംവാദങ്ങൾ, വിവിധ സംഘടനകളുമായുള്ള സഹകരണം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകാനുള്ള പ്രതിബദ്ധതയാണ് പ്രവർത്തനോദ്ഘാടന സമ്മേളനം മുന്നോട്ടുവച്ചത്.

### സംഗീതവിരുന്നും സംഘടനകളുടെ സാന്നിധ്യവും

സാംസൺ (ഹെവൻലി ബീറ്റ്സ്), റേച്ചൽ ഉമ്മൻ, ജൈസൺ, സുമോധ് നെല്ലിക്കാല എന്നിവരുടെ ഗാനാലാപനങ്ങൾ ഐ.പി.സി.എൻ.എ ഫിലഡൽഫിയ ചാപ്റ്ററിന്റെ സമ്മേളനത്തിന് സംഗീത സാന്ദ്രതയേകി. ഫൊക്കാന, ഫോമ, മാപ്പ്, പമ്പ, പിയാനോ, ഐ.ഒ.സി, ട്രൈസ്റ്റേറ്റ് കേരള ഫോറം, കോട്ടയം അസോസിയേഷൻ, ഓർമ ഇന്റർനാഷണൽ, പാത്ത് തുടങ്ങി നിരവധി സാമൂഹികസാംസ്കാരിക സംഘടനകളുടെ പ്രതിനിധികളും ചടങ്ങിൽ സന്നിഹിതരായി ആശംസകൾ നേർന്നു. വിവിധ സംഘടനകളുടെ സജീവ പങ്കാളിത്തം, ഫിലഡൽഫിയ മലയാളി സമൂഹവും മാധ്യമപ്രവർത്തകരും തമ്മിലുള്ള സഹകരണത്തിന്റെ, തീക്ഷ്ണമായ പ്രതിഫലനമായി.

മാധ്യമപ്രവർത്തനം വാർത്തകൾ കൈമാറുന്ന പ്രക്രിയ മാത്രമല്ലെന്നും, സമൂഹത്തിന്റെ നന്മയ്ക്കായി, സത്യത്തിന്റെ പക്ഷത്ത് നിലകൊള്ളുകയും, തെറ്റുകളെയും ജീർണ്ണതകളെയും ചോദ്യം ചെയ്യുകയും, ജനാധിപത്യ മൂല്യങ്ങളെ സംരക്ഷിക്കുകയും ചെയ്യുന്ന, സാമൂഹിക ഉത്തരവാദിത്തമാണെന്ന സന്ദേശമാണ്, സമ്മേളനത്തിലുടനീളം പ്രതിധ്വനിച്ചത്.

മാധ്യമപ്രവർത്തകരെയും സാമൂഹികസാംസ്കാരിക സംഘടനകളെയും പുതുതലമുറയെയും ഒരേ വേദിയിൽ അണിനിരത്തിയ ഫിലഡൽഫിയ ചാപ്റ്ററിന്റെ പ്രവർത്തനോദ്ഘാടനം, ഐ.പി.സി.എൻ.എയുടെ പുതിയ പ്രവർത്തന കാലയളവിന് പ്രതീക്ഷാനിർഭരമായ തുടക്കമായി. ഫിലഡൽഫിയ മല്ലൂ കഫേ ഒരുക്കിയ സദ്യയോടെയാണ് ഐ.പി.സി.എൻ.എ ഫിലഡൽഫിയ ചാപ്റ്ററിന്റെ പ്രൗഢഗംഭീരമായ സമ്മേളനം സമാപിച്ചത്.

# ഒർലാണ്ടോയിലേക്ക് കെ.എച്ച്.എൻ.എ; 2027 ഗ്ലോബൽ കൺവെൻഷന്റെ വേദി കരാർ ഒപ്പുവച്ചു




അനഘ വാരിയർ
കെ.എച്ച്.എൻ.എ
ന്യൂസ് ഡെസ്ക്

ഒർലാണ്ടോ: കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്കയുടെ (KHNA) 2027 ഗ്ലോബൽ കൺവെൻഷന് ലോകപ്രശസ്ത വിനോദസഞ്ചാര നഗരമായ ഒർലാണ്ടോ വേദിയാകും. 2027 നവംബർ 25 മുതൽ 28 വരെ, താങ്ക്സ് ഗിവിങ് അവധിക്കാലത്ത് നടക്കുന്ന നാലുദിന മഹാസംഗമത്തിന് Renaissance Orlando at SeaWorld ആതിഥേയത്വം വഹിക്കും.

കെ.എച്ച്.എൻ.എയെ പ്രതിനിധീകരിച്ച് പ്രസിഡന്റ് ടി. ഉണ്ണികൃഷ്ണനും Renaissance Orlando at SeaWorld അധികൃതരും കൺവെൻഷൻ വേദി സംബന്ധിച്ച കരാറിൽ ഒപ്പുവച്ചു. കെ.എച്ച്.എൻ.എയുടെ ദേശീയ–റീജിയണൽ ഭാരവാഹികളും കുടുംബാംഗങ്ങളുമടക്കം അൻപതിലധികം പേർ ഈ സുപ്രധാന മുഹൂർത്തത്തിന് സാക്ഷികളായി.

അമേരിക്കയിലെ കുടുംബങ്ങൾ ഒരുമിച്ചുകൂടുന്ന ഏറ്റവും പ്രധാനപ്പെട്ട അവധിക്കാലങ്ങളിലൊന്നായ Thanksgiving വാരാന്ത്യം കൺവെൻഷനായി തിരഞ്ഞെടുത്തത് കൂടുതൽ കുടുംബങ്ങൾക്ക് അവധിയെടുത്തുള്ള അധിക യാത്ര ഒഴിവാക്കി കുടുംബസമേതം പങ്കെടുക്കാൻ സൗകര്യമൊരുക്കും. നവംബർ അവസാനവാരം പൊതുവെ സുഖകരമായ കാലാവസ്ഥ അനുഭവപ്പെടുന്ന ഒർലാണ്ടോ, കുടുംബസംഗമത്തിനും വിനോദയാത്രയ്ക്കും ഒരുപോലെ അനുയോജ്യമായ വേദിയാണെന്നതും തെരഞ്ഞെടുപ്പിൽ നിർണായകമായി.

SeaWorldന് തൊട്ടടുത്തായി സ്ഥിതി ചെയ്യുന്ന Renaissance Orlando at SeaWorld, ഒർലാണ്ടോ ഇന്റർനാഷണൽ എയർപോർട്ടിൽ നിന്ന് കുറഞ്ഞ യാത്രാസമയത്തിനുള്ളിൽ എത്തിച്ചേരാവുന്ന പ്രമുഖ റിസോർട്ട് ഹോട്ടലാണ്. വിശാലമായ കൺവെൻഷൻ ഹാളുകൾ, വിവിധ വിഭാഗങ്ങളിലുള്ള അതിഥിമുറികൾ, കുടുംബങ്ങൾക്ക് അനുയോജ്യമായ സൗകര്യങ്ങൾ എന്നിവയ്ക്കൊപ്പം Walt Dinsey World, Universal Orlando, SeaWorld തുടങ്ങിയ ലോകപ്രശസ്ത വിനോദകേന്ദ്രങ്ങളുടെ സാമീപ്യവും കൺവെൻഷനിലെത്തുന്ന കുടുംബങ്ങൾക്ക് സമ്മേളനത്തോടൊപ്പം മനോഹരമായ ഒരു ഒർലാണ്ടോ അവധിക്കാലം കൂടി ആസ്വദിക്കാനുള്ള അവസരമൊരുക്കും.

കലാ-സാംസ്കാരിക പരിപാടികൾ, ആത്മീയ സമ്മേളനങ്ങൾ, യുവജന-വനിതാ വേദികൾ, കുടുംബ പരിപാടികൾ, സെമിനാറുകൾ, സാമൂഹിക-സാംസ്കാരിക ചർച്ചകൾ തുടങ്ങി കുട്ടികൾ മുതൽ മുതിർന്നവർ വരെ എല്ലാ തലമുറകളെയും ഒരേ വേദിയിൽ ബന്ധിപ്പിക്കുന്ന വിപുലമായ പരിപാടികളാണ് കൺവെൻഷനായി ആസൂത്രണം ചെയ്യുന്നത്.

പരിപാടികളുടെ വിശദാംശങ്ങൾ, വിവിധ കൺവെൻഷൻ കമ്മിറ്റികൾ, രജിസ്ട്രേഷൻ, താമസ സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഘട്ടംഘട്ടമായി പ്രഖ്യാപിക്കും.

‘‘ഇത് ഒരു കൺവെൻഷൻ മാത്രമായിരിക്കരുത്; ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മലയാളി ഹിന്ദു കുടുംബങ്ങൾ ഒരുമിക്കുന്ന ഒരു വലിയ കുടുംബസംഗമമായി മാറണം. കുട്ടികൾക്ക് പുതിയ സൗഹൃദങ്ങൾ സൃഷ്ടിക്കാനും, യുവതലമുറയ്ക്ക് നമ്മുടെ പൈതൃകവും സംസ്കാരവുമായി കൂടുതൽ അടുക്കാനും, മുതിർന്നവർക്ക് പഴയ സൗഹൃദങ്ങൾ പുതുക്കാനും പുതിയ ബന്ധങ്ങൾ സ്ഥാപിക്കാനും കഴിയുന്ന വേദിയാണ് ഞങ്ങൾ വിഭാവനം ചെയ്യുന്നത്,’’ പ്രസിഡന്റ് ടി. ഉണ്ണികൃഷ്ണൻ പറഞ്ഞു.

കെ.എച്ച്.എൻ.എയുടെ ഇരുപത്തിയാറ് വർഷത്തെ സംഘടനാ പ്രവർത്തനങ്ങളുടെ അനുഭവസമ്പത്ത് ഉൾക്കൊണ്ട്, പുതിയ തലമുറയ്ക്ക് കൂടുതൽ പങ്കാളിത്തവും നേതൃത്വവും നൽകുന്ന കൺവെൻഷനാണ് ലക്ഷ്യമിടുന്നതെന്നും അദ്ദേഹം പറഞ്ഞു.

നോർത്ത് അമേരിക്കയിലെ വിവിധ റീജിയണുകളെ കൂടുതൽ ശക്തമായി ബന്ധിപ്പിക്കുന്നതിനൊപ്പം ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മലയാളി കുടുംബങ്ങളെയും ഒരേ വേദിയിലേക്ക് കൊണ്ടുവരാനുള്ള ശ്രമമായിരിക്കും കൺവെൻഷനെന്നും അദ്ദേഹം വ്യക്തമാക്കി.





ഒരു മില്യൺ ഡോളറിലധികം പ്രതീക്ഷിത ബജറ്റുള്ള കൺവെൻഷന്റെ പ്രാഥമിക സാമ്പത്തിക രൂപരേഖയും തയ്യാറായിക്കഴിഞ്ഞു. കരാർ ഒപ്പിടലിനുശേഷം നടന്ന യോഗത്തിൽ ട്രഷറർ അശോക് മേനോൻ പ്രതീക്ഷിത വരവ്-ചെലവുകൾ ഉൾപ്പെടുത്തിയ സമഗ്ര ബജറ്റ് അവതരിപ്പിച്ചു. സാമ്പത്തിക അച്ചടക്കവും സുതാര്യതയും ഉറപ്പാക്കി ഓരോ വിഭാഗത്തിനും വ്യക്തമായ ആസൂത്രണത്തോടെ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള നടപടികൾക്കും തുടക്കമായി.

നാലുദിവസത്തെ ആഘോഷത്തിൽ മാത്രം ഒതുങ്ങുന്നതല്ല കൺവെൻഷനിലൂടെ കെ.എച്ച്.എൻ.എ ലക്ഷ്യമിടുന്നത്. സംഘടനയുടെ ഭാവി പ്രവർത്തനങ്ങൾക്കും വളർച്ചയ്ക്കും പുതിയ ദിശ നൽകുകയും, കുടുംബങ്ങൾ, യുവജനങ്ങൾ, വനിതകൾ, കുട്ടികൾ, പ്രൊഫഷണലുകൾ, സംരംഭകർ, ആത്മീയ-സാംസ്കാരിക പ്രവർത്തകർ എന്നിവരെ കൂടുതൽ സജീവമായി സംഘടനയുമായി ബന്ധിപ്പിക്കുകയും ചെയ്യുന്ന ഒരു ആഗോള വേദിയായി 2027 കൺവെൻഷനെ മാറ്റുകയാണ് ദേശീയ നേതൃത്വത്തിന്റെ ലക്ഷ്യം.

കരാർ ഒപ്പിടൽ ചടങ്ങിൽ ട്രഷറർ അശോക് മേനോൻ, നാഷണൽ ഡയറക്ടർ ബോർഡ് അംഗങ്ങളായ ഗോപൻ നായർ, അനഘ വാരിയർ, സുജിത് കുമാർ അച്യുതൻ, ഫ്ലോറിഡ റീജിയണൽ വൈസ് പ്രസിഡന്റ് പ്രദീപ് ബി. പിള്ള, ഡോ. ശ്രീകുമാർ ചെല്ലപ്പൻ, ബിനൂബ് ശ്രീധരൻ, നന്ദകുമാർ ചക്കിങ്ങൽ, അഷീദ് വാസുദേവൻ, സച്ചിൻ നായർ, അഞ്ജന കൃഷ്ണൻ, പ്രദീപ് നാരായൺ, അജിത് കുമാർ, മധു പിള്ള, ഹരീഷ്, മണികണ്ഠൻ, രാജേഷ് വല്ലാത്ത്, നന്ദിത, ബബിത എന്നിവരും ഫ്ലോറിഡയിലെ വിവിധ സംഘടനകളുടെ പ്രതിനിധികളും പങ്കെടുത്തു.

കൺവെൻഷന്റെ തീയതിയും വേദിയും ഔദ്യോഗികമായതോടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കുടുംബങ്ങളെ ഒർലാണ്ടോയിലേക്ക് വരവേൽക്കുന്നതിനുള്ള ഒരുക്കങ്ങൾക്കും തുടക്കമായി. അടുത്ത ഘട്ടത്തിൽ വിപുലമായ കൺവെൻഷൻ സംഘാടക സമിതിയും വിവിധ സബ് കമ്മിറ്റികളും പ്രഖ്യാപിക്കും.

2027 നവംബർ 25 മുതൽ 28 വരെ തീയതികൾ ഇപ്പോൾ തന്നെ കലണ്ടറിൽ അടയാളപ്പെടുത്താം. കുടുംബത്തോടൊപ്പം വരാം, സുഹൃത്തുക്കളെയും കൂട്ടിക്കൊണ്ടുവരാം. നാലു ദിവസത്തേക്ക് ഒർലാണ്ടോയിൽ നമുക്ക് ഒരുമിക്കാം ഒരു വലിയ കുടുംബമായി.

ജാതി-മത വ്യത്യാസങ്ങൾക്കതീതമായി സൗഹൃദത്തിന്റെയും സംസ്കാരത്തിന്റെയും കുടുംബബന്ധങ്ങളുടെയും ആഘോഷമായി മാറുന്ന KHNA 2027 ഗ്ലോബൽ കൺവെൻഷനിലേക്ക് ഏവരെയും കുടുംബസമേതം ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു.


emalayalee.com
Great News!
NOW YOU CAN
INSTANTLY
PLACE YOUR ADVT
or
BOOK YOUR AD SPACE
ON
eMalayalee.com
TARGET MALAYALEE AUDIENCE
THOUSANDS OF DAILY VISITORS
BOOST YOUR BRAND VISIBILITY
EASY, FAST & EFFECTIVE
WIDE ONLINE REACH
PREMIUM AD SPACES AVAILABLE
TRUSTED MEDIA PLATFORM
Just Click
eMalayalee.com/Advertise

# ഫോമാ ദേശീയ കൺവെൻഷന്റെ ഉജ്ജ്വല വിജയം ; പ്രസിഡന്റ് ബേബി മണക്കുന്നേലിനെ ആദരിച്ചു;



ജീമോൻ റാന്നി

ഹൂസ്റ്റൺ: ഫോമാ ദേശീയ കൺവൻഷൻ ഹൂസ്റ്റണിൽ വിജയകരമായി സംഘടിപ്പിക്കുന്നതിന് മികച്ച നേതൃത്വം നൽകിയ ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേലിനെ അഭിനന്ദിക്കുന്നതിനും ആദരിക്കുന്നതിനുമായി ഓഗസ്റ്റ് 30 ഞായറാഴ്ച വൈകുന്നേരം അപ്നാ ബസാർ ഓഡിറ്റോറിയത്തിൽ ഹൂസ്റ്റൺ സംഘാടക സമിതി പ്രത്യേക യോഗം സംഘടിപ്പിച്ചു.

കൺവൻഷന്റെ വിജയത്തിൽ ബേബി മണക്കുന്നേലിന്റെ നേതൃത്വവും അർപ്പണബോധവും നിർണായക പങ്കു വഹിച്ചതായി യോഗത്തിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു. അദ്ദേഹത്തിന്റെ ക്ഷമ, വിനയം, എല്ലാവരെയും ഒരുമിച്ച് നയിക്കാനുള്ള കഴിവ് എന്നിവയെ പ്രഭാഷകർ പ്രത്യേകം പ്രശംസിച്ചു. വിവിധ മേഖലകളിൽ നിന്നുള്ളവരെ ഒരുമിപ്പിച്ച് മികച്ച രീതിയിൽ കൺവൻഷൻ സംഘടിപ്പിക്കാൻ അദ്ദേഹത്തിന്റെ നേതൃത്വഗുണങ്ങൾ സഹായിച്ചതായും അവർ ചൂണ്ടിക്കാട്ടി. അദ്ദേഹത്തോടൊപ്പം കൺവെൻഷന്റെ വിജയതിനായി കഠിനാധ്വാനം ചെയ്ത മുഴുവൻ ടീമംഗങ്ങളെയും യോഗത്തിൽ ആദരിച്ചു.

സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യു, ഡിസ്ട്രിക്ട് ജഡ്ജി സുരേന്ദ്രൻ കെ. പട്ടേൽ, ജഡ്ജി ജൂലി മാത്യു, പോലീസ്



ക്യാപ്റ്റൻ മനു പൂപ്പാറയിൽ എന്നിവർ ഉൾപ്പെടെ നിരവധി പ്രമുഖർ യോഗത്തിൽ പങ്കെടുത്തു. ബേബി മണക്കുന്നേലിന് മെമെന്റോയും പൊന്നാടയും നൽകി ആദരിച്ചു.

ഫോമാ നാഷണൽ കമ്മിറ്റി അംഗം ജിജു കുളങ്ങര യോഗത്തിൽ അധ്യക്ഷത വഹിച്ചു. മീറ്റിംഗിന്റെ പ്രധാന സംഘാടകനും കൺവൻഷൻ റിസപ്ഷൻ കമ്മിറ്റി ചെയർമാനുമായ ജോയ് എൻ. സാമുവൽ അതിഥികളെയും സന്നിഹിതരായവരെയും സ്വാഗതം ചെയ്തു. ഫോമാ മുൻ സെക്രട്ടറിയും മുൻ ട്രഷററുമായ ഷാജി എഡ്വേർഡ് പരിപാടിയുടെ എംസിയായി പ്രവർത്തിച്ചു.

ഫോമാ ദേശീയ കൺവൻഷന്റെ മഹത്തായ വിജയത്തിനായി വിവിധ കമ്മിറ്റികളിലൂടെ നിർണായക സംഭാവനകൾ നൽകിയ മുൻനിര പ്രവർത്തകരെയും സന്നദ്ധ പ്രവർത്തകരെയും ചടങ്ങിൽ ആദരിച്ചു.

രാജൻ യോഹന്നാൻ സെക്യൂരിറ്റി ചെയർ

രാജേഷ് മാത്യു ട്രാൻസ്പോർട്ടേഷൻ ചെയർ

സൈമൺ വളാച്ചേരിൽ & ജീമോൻ റാന്നി മീഡിയ ചെയർ & കോ ചെയർ

പ്രസാദ് ഉമ്മൻ (ബിസിനസ് ഫോറം ചെയർ) & ജോൺ ഡബ്ല്യു വർഗീസ്

ഡോ. റെയ്ന റോക്ക് ഹെൽത്ത് ഫെയർ ചെയർ & കൺവെൻഷൻ എംസി

മൈക്കിൾ ജോയ് പുതുതായി തിരഞ്ഞെടുക്കപെട്ട റീജിണൽ ആർവിപി

ക്രിസ് ആൻഡ് ആൻസി (കൺവെൻഷൻ എംസി)

സാജൻ ആൻഡ് മെർലിൻ (കൺവെൻഷൻ എംസി)

സുരേഷ് രാമകൃഷ്ണൻ (അപ്ന ബസാർ)

ജോർജ് തോമസ് (ബാബു - ടിജിഎം പ്രസ്സ് )

ഡോ.സാം ജോസഫ് (ഫോമാ പത്താം വാർഷികം ആർവിപി)

കൺവെൻഷന്റെ ഭക്ഷണക്രമീകരണങ്ങൾക്കു ചുക്കാൻ പിടിച്ച എസ് കെ ചെറിയാനെ പ്രത്യേകം അഭിനന്ദിച്ചു.

സാലി ശാമുവേലും സിൽവിയ ഷാജിയും ചേർന്ന് ആനി ഫിലിപ്പ് മണക്കുന്നേലിന് പുഷ്പഹാരം നൽകി ആദരിച്ചു

എം ജി മാത്യുവിന്റെ ചിരിയരങ്ങു സമ്മേളനത്തിന് മാറ്റു കൂടി, അദ്ദേഹം മണക്കുന്നേലിന് ഹാരമണിയിച്ചു.

തനിക്കു ലഭിച്ച അഭിനന്ദനങ്ങൾക്കും ആദരവിനും മറുപടി പറഞ്ഞ ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ കൺവൻഷന്റെ വിജയത്തിനായി പിന്തുണയും സഹകരണവും നൽകിയ എല്ലാവർക്കും നന്ദി അറിയിച്ചു.

അനിൽ ആറന്മുള, എബ്രഹാം ഈപ്പൻ, അഡ്വ. മാത്യു വൈരമൺ, സണ്ണി കാരിക്കൽ, സുനിൽ കോര & റാണി, ജോർജ് കോളാച്ചേരിൽ, രമേശ് അത്തിയോടി, ലിജി ഉമ്മൻ തുടങ്ങിയവരും ചടങ്ങിൽ സംബന്ധിച്ച് സംസാരിച്ചു.

ഫോമാ സ്ഥാപക പ്രസിഡന്റ് ശശിധരൻ നായർ, കൺവെൻഷൻ ചെയർ സുബിൻ കുമാരൻ, തോമസ് ഒലിയാംകുന്നേൽ & പൊടിയാമ്മ പിള്ള (പ്രോസഷൻ നാഷണൽ, റീജിയണൽ ചെയർ) നാഷണൽ കമ്മിറ്റി മെമ്പർ എലെക്സ് തോമസ് ജോർജ് (സഞ്ജു), ഡെന്നിസ് മാത്യു & സലിൽ മുഹമ്മദ് (സെക്യൂരിറ്റി), ശശി പിള്ള തുടങ്ങിയവരുടെ പ്രവർത്തനങ്ങളെ പ്രത്യേകം ശ്ലാഘിച്ചു.

ജോർജ് തെക്കേമല, മോട്ടി മാത്യു, സജി പുല്ലാട് എന്നിവർ സമ്മേളനത്തിന്റെ മീഡിയ ടീമിന് നേതൃത്വം നൽകി.

ഹൂസ്റ്റണിൽ നടന്ന ഫോമാ ദേശീയ കൺവൻഷൻ അവിസ്മരണീയവും വൻ വിജയവുമാക്കുന്നതിൽ പങ്കു വഹിച്ച എല്ലാവരുടെയും നേതൃത്വത്തിനും കൂട്ടായ പ്രവർത്തനത്തിനും അർപ്പണബോധത്തിനും സമർപ്പണത്തിനുമുള്ള ഉചിതമായ ആദരവായി ചടങ്ങ് മാറി.















emalayalee.com
GREAT NEWS!
Now You Can
INSTANTLY
PLACE YOUR ADVT or
BOOK YOUR AD SPACE
on eMalayalee.com
Just Click
eMalayalee.com/Advertise

# വിശ്വാസത്തിന്റെ ഏഴു വാതിലുകൾ പ്രകാശനം നിർവഹിച്ചു




തിരുവനന്തപുരം: ക്രൈസ്തവ വിശ്വാസത്തിന്റെ പാദമുദ്രകൾ തിരുശേഷിപ്പായി തലയുയർത്തി നിൽക്കുന്ന വഴികളിലൂടെ ഡോ. ജോർജ് എം. കാക്കനാട് നടത്തിയ വിശ്വാസ യാത്രയുടെ ഓർമകൾ അടയാളപ്പെടുത്തുന്ന, 'വിശ്വാസത്തിന്റെ ഏഴു വാതിലുകൾ' പ്രകാശനം നിർവഹിച്ചു. ഗ്രന്ഥകാരൻ ഏഴു രാജ്യങ്ങളിലൂടെ നടത്തി തീർഥാടനമാണ് ഈ യാത്രാ വിവരണപുസ്തകത്തിന്റെ ഉള്ളടക്കം. തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ ഡോ. തോമസ് മാർ അത്തനാസിയസ് മെത്രാപ്പോലീത്ത കേന്ദ്ര ഗ്രാമ വികസന വകുപ്പിൽ ജോയിന്റ് സെക്രട്ടറിയായി

വിരമിച്ച സന്തോഷ് മാത്യു ഐഎഎസിന് ആദ്യ പ്രതി നൽകിയാണ് പുസ്തക പ്രകാശനം നിർവഹിച്ചത്. കർദിനാൾ മാർ ബസേലിയോസ് ക്ലിമ്മിസ് തീരുമേനിയുടെ സാന്നിധ്യത്തിൽ നടന്ന ചടങ്ങിൽ എഴുത്തുകാരൻ അടക്കം നിരവധി പ്രമുഖർ സന്നിഹിതരായിരുന്നു. ബിഹാർ കേഡറിൽ ചീഫ് സെക്രട്ടറി റാങ്കിൽ വിരമിച്ച ഉദ്യോഗസ്ഥനായ സന്തോഷ് മാത്യു ഐഎഎസ് തിരുവനന്തപുരം പട്ടം ഇടവകാംഗമാണ്.

തുർക്കി മുതൽ അൽബേനിയ വരെയുള്ള ഏഴു രാജ്യങ്ങളിലൂടെയുള്ള യാത്രയാണ് പുസ്തകത്തിന്റെ ഉള്ളടക്കം. സന്തോഷ് ജോർജ് കുളങ്ങരയാണ് പുസ്തകത്തിന്റെ അവതാരിക എഴുതിയിട്ടുള്ളത്. തുർക്കിയുടെ മണ്ണിൽ റോമാ സാമ്രാജ്യത്തിന്റെ ശേഷിപ്പുകളിൽ ഇന്നും മുഴങ്ങി നിൽക്കുന്ന ആദ്യകാല സഭകളുടെ പ്രാർത്ഥനാധ്വനികളിൽ നിന്നാണ് പുസ്തകത്തിന്റെ തുടക്കം. ഗ്രീസിലെ പാറക്കെട്ടുകൾക്ക് മുകളിൽ ദൈവത്തോടടുത്ത് സ്ഥിതി ചെയ്യുന്ന മെറ്റിയോറയിലെ ആശ്രമങ്ങളും, അൽബേനിയയിലെയും മറ്റ് കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലെയും അതിപുരാതനമായ ദേവാലയങ്ങളും വായനക്കാർക്ക് പുതിയ അനുഭവം പകരുന്നതാണ്.

നൂറ്റാണ്ടുകളിലൂടെ പരീക്ഷണങ്ങളെയും അതിജീവിച്ച് നിലകൊണ്ട ക്രിസ്തീയ വിശ്വാസത്തിന്റെ ആഴമേറിയ ചരിത്രവും അതിന്റെ ജീവസ്സുറ്റ ചൈതന്യവും അനുഭവവേദ്യമാകുന്നതാണ് പുസ്തകത്തിന്റെ ഉള്ളടക്കം. ഏഴു രാജ്യങ്ങളിലൂടെയുള്ള സഞ്ചാരം കേവലം ഭൂമിശാസ്ത്രപരമായ ഒരു യാത്ര മാത്രമല്ല മറിച്ച് വിശ്വാസത്തിന്റെ ഉള്ളറകളിലേക്ക് കടുന്നു ചെല്ലുന്ന ഒരു തീർത്ഥാടനമായിരുന്നുവെന്ന് എഴുത്തുകാരൻ പറുന്നു. അവിടുത്തെ പ്രാർത്ഥനാന്തരീക്ഷവും ദൈവസാന്നിധ്യവും നൽകിയ ആത്മീയ വെളിച്ചം വരുംകാല ജീവിത യാത്രയിൽ തനിക്ക് വഴികാട്ടിയാകുമെന്നും അദ്ദേഹം പറഞ്ഞു.


## ഗ്രന്ഥകാരൻ ഡോ. ജോർജ് എം. കാക്കനാട്

പത്രപ്രവർത്തകനും എഴുത്തുകാരനുമായ ഡോ. ജോർജ് എം. കാക്കനാട്ട് അമേരിക്കയിൽ താമസിക്കുന്ന പ്രവാസി മലയാളിയാണ്. 'ആഴ്ചവട്ടം' പത്രത്തിന്റെ ചീഫ് എഡിറ്ററായിരുന്നു. ഇപ്പോൾ ആഴ്ചവട്ടം ഓൺലൈനിന്റെ മുഖ്യപത്രാധിപർ. സൈക്കോതെറാപിസ്റ്റായി ജോലി ചെയ്യുന്നു. യു.എസ്. എയർഫോഴ്സിൽ ക്യാപ്റ്റനായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. വേൾഡ് മലയാളി കൗൺസിലിന്റെ സ്ഥാപകാംഗങ്ങളിൽ ഒരാൾ. അമേ രിക്കയിലെ നിരവധി സാമൂഹിക സാംസ്കാരിക സംഘടനകളുടെ നേതൃ സ്ഥാനം വഹിച്ചിട്ടുണ്ട്. ക്ലിനിക്കിൽ സൈക്കോളജിയിൽ പിഎച്ച്ഡി.

പ്രവാസിരത്ന അവാർഡ് അടക്കം നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. നിലവിൽ സൗത്ത് ഇന്ത്യൻ യു.എസ് ചേംബർ ഓഫ് കോമേഴ്സ് പ്രസിഡന്റ്, അമേരിക്കയിലെ സീറോ മലങ്കര കത്തോലിക്കാ സഭ രൂപതയിലെ പാസ്റ്ററൽ കൗൺസിൽ അംഗം, നാഷണൽ എക്സ്ചേഞ്ച് ക്ലബ് ബോർഡ് അംഗം, ദി അസോസിയേഷൻ ഓഫ് ഇന്റർനാഷണൽ റിസർച്ചേഴ്സ് ഓഫ് ഇന്ത്യൻ ഒറിജിൻ യു.എസ്.എ ചാപ്റ്റർ പ്രസിഡന്റ് തുടങ്ങിയ പദവികൾ വഹിക്കുന്നു. ഡെഡ്ലൈൻ,, നിരൂപക പ്രശംസ പിടിച്ചുപറ്റിയ 'മെക്സിക്കോ, യാത്രയും അന്വേഷണവും എന്നീ പുസ്തകങ്ങളുടെ രചയിതാവുമാണ്.


MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
We Specialize in Custom Creation and Installation of Cemetery Granites, Bronze Memorials Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA

# ഗുരുദക്ഷിണ






രാജു മൈലപ്രാ

ഫൊക്കാനാ കാലഹാരി കൺവെൻഷൻ ലോബിയിലെ തിരക്കിൽ, പഴയ സൗഹൃദങ്ങൾ പുതുക്കി മുന്നോട്ടു നടന്നു നീങ്ങുമ്പോൾ, കൈയിലൊരു മൃദു സ്പർശം.

ആരാണെന്നറിയുവാൻ വേണ്ടി തിരഞ്ഞു നോക്കിയപ്പോൾ വിടർന്ന പുഞ്ചിരിയുമായി ഒരു സ്ത്രീ.

'ഓർമ്മയുണ്ടോ സാറേ, ഈ മുഖം?'

പെട്ടെന്നുള്ള ആ ചോദ്യം കേട്ടപ്പോൾ ഞാനൊന്നു ഞെട്ടി. പഴയ ഓർമ്മകളുടെ ശേഖരത്തിലൊന്നും ആ മുഖം തെളിയുന്നില്ല.

'സത്യം പറഞ്ഞാൽ എനിക്കു മനസ്സിലായില്ല-' ഞാൻ ഉള്ള സത്യം പറഞ്ഞു.

'പെട്ടെന്നു മനസ്സിലായില്ല എന്നു പറയാതെ ശരിക്കൊന്നു ഓർത്തു നോക്കിക്കേ! പഴയ പരിചയക്കാരു വല്ലതുമായിരിക്കും.' ആ കമന്റ് എന്റെ ഭാര്യയുടെ സംഭാവനയാണ്. അവളുടെ സ്വരത്തിൽ ഒരു കൊടുങ്കാറ്റിന്റെ ഇരമ്പൽ!

'സാറേ! ഇതു ഞാനാ-മേഴ്സി കുറിയാക്കോസ്- സാറെന്നെ പഠിപ്പിച്ചിട്ടുണ്ട്- ചിരിച്ചു കൊണ്ടവർ പറഞ്ഞു.

ഞാനോ?'- എനിക്ക് എന്നെത്തന്നെ സംശയം.

'നിങ്ങളിവരെ പഠിപ്പിച്ചിട്ടുണ്ടാവും- അല്ലെങ്കിൽ അവർ അങ്ങിനെ ഉറപ്പു പറയില്ലല്ലോ നിങ്ങളത്ര പുണ്യാളനൊന്നും ചമയണ്ടാ!' ആ സ്വഭാവ സർട്ടിഫിക്കറ്റ് എന്റെ ഭാര്യയുടെ വകയാണ്.

മേഴ്സി കുറിയാക്കോസിന്റെ സമീപം ഇതെല്ലാം ശ്രദ്ധിച്ചുകൊണ്ട് ആണൊരുത്തൻ നിൽപുണ്ട്. അയാളുടെ മുഖത്ത് സംശയത്തിന്റെ ഒരു മസിലു പിടുത്തം.

'സാറേ! കൊട്ടാരക്കര 'കിംഗ്സ് കോളേജിൽ' സാറായിരുന്നു ഇംഗ്ലീഷ് ലിറ്ററേച്ചറിനു ഞങ്ങൾക്ക് ക്ലാസ്സെടുത്തിരുന്നത്!' മേഴ്സി സസ്പെൻസിനു വിരാമമിട്ടു.

ഓർമ്മകൾ റീവൈൻഡു ചെയ്തപ്പോൾ അങ്ങിനെയും ഒരു കാലഘട്ടം എന്റെ ജീവിതത്തിലുണ്ടായിരുന്നു എന്ന ചിത്രം തെളിഞ്ഞു വന്നു.

'കർത്താവേ! ഒരു കാലത്ത് ഞാനൊരു അദ്ധ്യാപകന്റെ കുപ്പായം അണിഞ്ഞിരുന്നല്ലോ!'-ഞാനൊന്നു ഞെളിഞ്ഞു.

'വേഷങ്ങൾ, ജന്മങ്ങൾ

വേഷം മാറാൻ നിമിഷങ്ങൾ

നാമറിയാതാടുകയാണീ ജീവിത വേഷം-'

മനസ്സിന്റെ ഏതോ കോണിലിരുന്നു ദാസേട്ടൻ മൂളുന്നു.

ഡിഗ്രി സമ്പാദിച്ച ശേഷം, ഒരു സർക്കാർ ജോലി തെണ്ടി നടക്കുന്ന ഇടവേളയിലൊരു അഭയകേന്ദ്രമായിരുന്നല്ലോ പഴയകാലത്ത്, പലർക്കും പാരലൽ കോളേജ്.

എന്റെ സഹോദരി ഭർത്താവ്, രാജൻ സാറിനു കൊട്ടാരക്കരയിൽ 'കിംഗ്സ് കോളേജ്' എന്ന പേരിൽ പ്രശസ്തമായ ഒരു അദ്ധ്യാപന സ്ഥാപനം ഉണ്ടായിരുന്നതു കൊണ്ട്, അവിടെ ഒരു സ്റ്റാഫായി ഡയറക്ട് അപ്പോയിന്റ്മെന്റ് കിട്ടി.

'Food And accomodation Free' - വീക്കെൻഡിൽ വീട്ടിൽ പോയി വരുവാനുള്ള അലവൻസും അനുവദിച്ചിരുന്നു.

ബോണസ്സായി, പുലമൺ ജംഗ്ഷനിലെ പ്രശസ്തമായ പോറ്റി ഹോട്ടലിൽ നിന്നും കാപ്പികുടി. ആ ഹോട്ടലിലെ ഇഡലി ആയിരുന്നു ഇഡലി. നാവിൻ തുമ്പിലലിയുന്ന രുചി, ഇന്നും രസമുകുളങ്ങളിൽ തങ്ങി നിൽക്കുന്നു.

ഞാൻ 'Fresh off the college' ആയിരുന്നതിനാൽ പല വിദ്യാർത്ഥികളും സമപ്രായക്കാരായിരുന്നു.

'അന്നു സാറിനെ കാണാൻ വലിയ തരക്കേടില്ലായിരുന്നു. ഇപ്പോഴെന്തു പറ്റി? ആകപ്പാടെ അങ്ങ് ഓഞ്ഞു പോയല്ലോ!'

അടിമുടി എന്നെ ഒന്നു വീക്ഷിച്ച ശേഷം, ഒരു മേഴ്സിയുമില്ലാതെ, മേഴ്സി തന്റെ ആകാരഭംഗിയെപ്പറ്റി ഒരു അവലോകനം നടത്തി.

'അതു പിന്നെ അങ്ങേർക്കു ഇത്രേം പ്രായമില്ലിയോ? ഞാനിങ്ങേരേക്കാൾ പത്തു വയസ്സിനു ഇളയതാ'- പ്രായത്തിന്റെ കാര്യത്തിൽ എന്റെ ഭാര്യ കുറച്ചു സെൻസിറ്റീവാണ്.

ആരെങ്കിലും അവളെ, 'ചേച്ചീ, ആന്റീ, അമ്മാമ്മേ,' എന്നൊക്കെ സംബോധന ചെയ്യുമ്പോൾ എന്റെ ചങ്കിടിക്കും.

'എനിക്കത്രെ പ്രായമൊന്നുമില്ല. എന്നെ പേരു വിളിച്ചാൽ മതി.' എന്നൊരു മുന്നറിയിപ്പ് ചിലപ്പോൾ നൽകാറുമുണ്ട്.

'ഇങ്ങേരുടെ കൂടെ നടക്കുന്നതു കൊണ്ട്, ഞാനും ഒരു കിളവിയാണെന്നാണു ചിലരുടെ വിചാരം.'

ആ കുറ്റവും അവൾ തന്റെ തലയിൽ കെട്ടിവെച്ചു. സ്കൂളിൽ നേരത്തെ ചേർക്കുവാൻ വേണ്ടി, പ്രായം കൂട്ടിക്കാണിച്ചിരിക്കുകയാണെന്നു പല സ്ത്രീകളും പറയുന്നതു കേട്ടിട്ടുണ്ട്. അങ്ങിനെയാണെങ്കിൽ ഒരു വയസ്സു പ്രായമുള്ളപ്പോൾ തന്നെ പലരും ഒന്നാം ക്ലാസ്സിൽ ചേർന്നിട്ടുണ്ടാവും.

മേഴ്സി ഒരു സംസാരപ്രിയ ആണെന്നു തോന്നുന്നു. അന്നു സാറിനെ ഞങ്ങൾ 'ബോറൻ' എന്നാണു വിളിച്ചിരുന്നത്. അങ്ങിനെ ഒരു അപരനാമം എനിക്കുണ്ടായിരുന്നു എന്നുള്ളത് ഒരു പുതിയ അറിവാണ്. 'അളിയൻ' എന്നു പിള്ളേരു വിളിച്ചിരുന്നത് ഞാനത്ര കാര്യമാക്കിയിരുന്നില്ല.

സാറു ക്ലാസിലേക്കു വരുമ്പോൾ 'ബോറൻ വരുന്നുണ്ടെന്നു' പറഞ്ഞു ഞങ്ങൾ അടക്കം ചിരിക്കുമായിരുന്നു.

'ഇപ്പോഴും ആളൊരു ബോറനാ' അതുവഴി കടന്നു പോയപോൾ കറുകപ്പള്ളി ഒരു കാര്യവുമില്ലാതെ ഒരു കമന്റു പാസ്സാക്കി.

'സംശയമുണ്ടെങ്കിൽ ഇന്നു വൈകീട്ടത്തെ 'ചിരിയരങ്ങു' പരിപാടിയിൽ കുറച്ചു നേരം ഇരുന്നാൽ മതി'-കൂട്ടത്തിലുണ്ടായിരുന്ന കാടാംപുറം ജോസ്, പോളിനെ പിന്താങ്ങി.

അതുകേട്ട്, ഞാനൊഴികെ, എന്റെ ഭാര്യ ഉൾപ്പെടെ എല്ലാവരും ചിരിച്ചു.

'എന്തിനാ എന്നെ ബോറൻ എന്നു വിളിച്ചിരുന്നത്?' ഏതിനും ഒരു കാരണം വേണമല്ലോ!

"Bores' എന്നൊരു Essay -യാണു സാറു ഞങ്ങളെ ആദ്യമായി പഠിപ്പിച്ചത്. സത്യത്തിൽ സാറിന്റെ ക്ലാസു വെറും ബോറായിരുന്നു. മേഴ്സി എന്നോടു ഒരു കരുണയും കാണിച്ചില്ല. Bores എന്നൊരു essay ഞാൻ പഠിപ്പിച്ചെന്നോ?

ഡിഗ്രി ഉണ്ടായിരുന്നെങ്കിലും ഒരു 'വാഴക്കുല' ലൈനിലായിരുന്നു എന്റെ പഠിത്തം. ഷേക്സ്പിയർ, ബർണാഡ്ഷാ, ചാൾസ് ഡിക്കൻസ് തുടങ്ങിയ ചില പേരുകൾ കേട്ടിട്ടുണ്ടെങ്കിലും,

അവരുടെ വിശ്വസാഹിത്യമൊന്നും എന്റെ പിടിയിൽ ഒതുങ്ങുമായിരുന്നില്ല. എങ്കിലും ഞാനും ഒരു Post Graduate Certificate കരസ്ഥമാക്കി. അത്ഭുതങ്ങൾ- അതങ്ങു സംഭവിക്കുകയാണല്ലോ!

കൺവൻഷൻ കഴിഞ്ഞു വീട്ടിൽ എത്തിയപ്പോഴേക്കും, ഗിന്നസ് ബുക്കിൽ ഇടം നേടിയ മട്ടന്നൂർ ശങ്കരൻകുട്ടിയുടെ ചെണ്ടമേളവും, മോഹിനിമാരുടെ മോഹിനിയാട്ടവും, 'നന്ദനം' നടി നവ്യാനായരുടെ (അധിക) പ്രസംഗവും എന്റെ മനസ്സിൽ നിന്നും മാഞ്ഞു തുടങ്ങിയിരുന്നു.

'ബോറൻ' എന്ന പേര് എനിക്കു സമ്മാനിച്ച ആ കാരണഭൂതൻ ആരാണെന്നറിയാനുള്ള ആകാംക്ഷ എന്നെ അലട്ടിക്കൊണ്ടിരുന്നു.

'അന്വേഷിപ്പിൻ കണ്ടെത്തും' എന്നാണല്ലോ പ്രമാണം. അന്വേഷിച്ചു കണ്ടെത്തി.

ഇരുപതാം നൂറ്റാണ്ടിലെ ഒരു പ്രശസ്ത സാഹിത്യകാരനായിരുന്ന E.V.Lucas എഴുതിയ 'Bores' എന്ന Essay യെപ്പറ്റി ആയിരുന്നു മേഴ്സിയുടെ പരാമർശം.

ദൈനംദിന ജീവിതത്തിലെ സാധാരണ വിഷയങ്ങളെക്കുറിച്ച് ലളിതവും, രസകരവുമായ ശൈലിയാണു അദ്ദേഹം എഴുതിയിരുന്നത്. ബോറന്മാരെക്കുറിച്ച് എത്രയോ കാലങ്ങൾക്കും മുമ്പ് എഴുതിയ ലേഖനം ഇന്നും വളരെ പ്രശസ്തമാണ്. ഇക്കൂട്ടത്തിൽപ്പെട്ട ധാരാളം ആളുകളെ അമേരിക്കൻ മലയാളി സമൂഹത്തിൽ കാണാം.

ബോറന്മാർ മറ്റുള്ളവരുടെ സമയത്തെപ്പറ്റി ഒട്ടും ബോധവാന്മാരല്ല. ഇവർ മറ്റുള്ളവരെ സംസാരിക്കുവാൻ അനുവദിക്കാതെ, തങ്ങളുടെ വീരകൃത്യങ്ങൾ വിളംബി കൊണ്ടേയിരിക്കും.

തങ്ങളുടെ രോഗങ്ങൾ, ശസ്ത്രക്രിയകൾ, കഴിക്കുന്ന മരുന്നുകൾ, ഭക്ഷണരീതി, വ്യായാമം എന്നിവയെപ്പറ്റി മറ്റുള്ളവരോടു വിശദീകരിച്ചു അവരെ അങ്ങേയറ്റം ബോറടിപ്പിക്കും. ചിലർ തങ്ങളുടെ മൂലക്കുരു സർജറി നടന്ന ഭാഗം വരെ പ്രദർശിപ്പിക്കുവാൻ മടിയില്ലാത്തവരാണ്.

തങ്ങളുടെ മക്കളുടെ നേട്ടത്തെപ്പറ്റി വാ തോരാതെ സംസാരിക്കുന്ന പലരുമുണ്ട്. കൂട്ടത്തിൽ അവരുടെ ഫോട്ടോയും!

ചിലർക്കു കുടുംബ പാരമ്പര്യത്തെപ്പറ്റിയുള്ള പൊങ്ങച്ചം പറയുവാനുള്ള താൽപര്യം- 'പകലോമറ്റം' വിട്ടൊരു കളിയില്ല.

കേട്ടവർ വീണ്ടും ചിരിക്കണം എന്ന വാശി പിടിച്ചുകൊണ്ട്, ഒരേ തമാശ പലതവണ ആവർത്തിച്ചു പറയുന്നവരുണ്ട്. (എന്നെപ്പറ്റി അങ്ങിനെ ഒരു അപവാദം ഉള്ളതിനെപ്പറ്റി ഞാൻ ബോധവാനാണ്.)

പ്രസംഗിച്ചു മനുഷ്യരെ ബോറടിപ്പിച്ചു വെറുപ്പിക്കുന്ന ചിലരുണ്ട് നമ്മുടെ സമൂഹത്തിൽ. എവിടെ മൈക്കു കണ്ടാലും ഏവർ ചാടിവീഴും.

പ്രസംഗത്തിലൂടെ ആളുകളെ മുഷിപ്പിക്കുന്ന ചില പുരോഹിതന്മാരുമുണ്ട്. ആരെങ്കിലും മരിച്ചെന്നറിഞ്ഞാൽ, ഒരു പത്തു പതിനഞ്ചു പട്ടക്കാരെങ്കിലും സഭാവൈരം മറന്ന്, പരേതനു അന്തിമോപചാരം അർപ്പിക്കുവാൻ അവിടെയെത്തും. നല്ല കാര്യം. പക്ഷേ, ഈ പതിനഞ്ചു പേരും ചരമപ്രസംഗം നടത്തണമെന്നു വാശി പിടിക്കുന്നതു ശരിയല്ല. ഒരേ സന്ദേശമാണ് അവരവരുടെ ശൈലിയിൽ അവർ ആവർത്തിക്കുന്നത്.

ഏതെങ്കിലും കുട്ടികൾ മരിച്ചാൽ 'ഒരു തോട്ടക്കാരൻ, തന്റെ തോട്ടത്തിലെ ഏറ്റവും മനോഹരമായ പുഷ്പം നുള്ളിയെടുക്കുന്നതു പോലെ, സ്വർഗ്ഗീയ ഭവനം അലങ്കരിക്കുവാനായി കർത്താവ് ആ കുഞ്ഞിനെ നേരത്തെ വിളിച്ചു. അതിൽ നമുക്കു സന്തോഷിക്കാം. 'കുഞ്ഞിന്റെ മരണത്തിൽ നെഞ്ചുപൊട്ടിയിരിക്കുന്ന, മാതാപിതാക്കളോടാണു കത്തനാർ ഈ കാച്ചു കാച്ചുന്നത്.

'ഞാൻ നല്ല പോരാട്ടം പോരാടി, ഓട്ടം തികച്ചു, വിശ്വാസം കാത്തു- ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു.'

ജീവിച്ചിരുന്ന കാലത്ത് പള്ളിയിൽ കയറാതെ, പട്ടക്കാരെ ചീത്തയും വിളിച്ചു നടന്ന വല്യപ്പനെപ്പറ്റിയാണു പരാമർശം.

ചില വിവാഹവേളയിൽ ഉപദേശിമാർ ഇത്തരം കൊലച്ചതി ചെയ്യാറുണ്ട്. ഒരു നല്ല കുടുംബജീവിതം എങ്ങിനെ നയിക്കണമെന്ന് വധുവരന്മാരെ ഉദ്ബോധിപ്പിക്കുകയാണ് നീണ്ട അറുബോറൻ പ്രസംഗത്തിലൂടെ

ഒന്നു നിർത്തി പോടേയ്- താനൊന്നു പോയിട്ടു വേണം ഞങ്ങൾക്ക് കുടുംബം ഉണ്ടാക്കുവാനുള്ള ഒരു ശ്രമം നടത്തേണ്ടത്'- എന്നായിരിക്കും വധൂവരന്മാരുടെ മനസ്സിൽ!

*** **** *** ***

വർഷങ്ങൾക്കു ശേഷം, ഞാൻ പഠിപ്പിച്ച ഒരു വിദ്യാർത്ഥി എന്നെ തിരിച്ചറിഞ്ഞു എന്നു സത്യമാണ്, ഈ ഫൊക്കാനാ കൺവെൻഷനിൽ എനിക്കു ലഭിച്ച ഏറ്റവും വലിയ അംഗീകാരം.

'ബോറൻ' എന്നു പേര് ഞാൻ പോലും അറിയാതെ എനിക്കു ചാർത്തി തന്ന E.V.Lucas- നോടും എനിക്കു നന്ദിയുണ്ട്.

*** *** ***

മേഴ്സി കുറിയാക്കോസിനോട് ഒരു അപേക്ഷയുണ്ട്.

ഗുരുദക്ഷിണയായി എനിക്കൊന്നും വേണ്ടാ-എന്നെ ഇനി എവിടെ വെച്ചെങ്കിലും കാണാനിടയായാൽ, ദയവു ചെയ്തു ഞാൻ മേഴ്സിയുടെ അദ്ധ്യാപകനായിരുന്നു എന്ന് ആരോടും പറയരുതേ!

'മാതാ, പിതാ, ഗുരു, ദൈവം'


pravasi CHANNEL HD
emalayalee.com
Pravasi Channel & eMalayalee
Presents
GlobeON
GlobeON
News
Every Day
10am | 2pm |
6pm & 10pm US EST
Watch all Media Outlets via 'MediaAppUSA'
MediaAppUSA
mediaappusa.com
Download for FREE on all
Streaming Devices and Smart TV's
Also on iPhone
and Android Phone
For more info: 1-917-662-1122 | info@medialogistics.us